Govt. of Kerala

November 2024

# ecostat news

OFFICIAL MAGAZINE OF DEPARTMENT OF ECONOMICS AND STATISTICS



STATISTICAL ANALYSIS

LOCAL LEVEL STATISTICS

CONTEMPORARY DATA REVIEWS

PRICE TRENDS

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

Government of Kerala

# ecostat news

November 2024, Vol:1, Issue:2



*ചീഫ് എഡിറ്റർ:*
**ശ്രീകുമാർ ബി.**
ഡയറക്ടർ

*അസോസിയേറ്റ് എഡിറ്റർ:*
**മനോജ് എം.**
അഡീഷണൽ ഡയറക്ടർ (സ്റ്റേറ്റ് ഇൻകം)

*എഡിറ്റർ:*
**ഡി.എസ്. ഷിബുകുമാർ**
ഡെപ്യൂട്ടി ഡയറക്ടർ (കമ്പ്യൂട്ടർ)

*സബ് എഡിറ്റർ:*
**അഭിലാഷ് കെ.**
ഡെപ്യൂട്ടി ഡയറക്ടർ

*അസിസ്റ്റന്റ് എഡിറ്റേഴ്സ്:*
**ഹരീഷ് എസ്.**
റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ

**രാധാകൃഷ്ണപിള്ള ആർ.**
അസിസ്റ്റന്റ് ഡയറക്ടർ

*കവർ ഡിസൈൻ & ലേ ഔട്ട്:*
**ഹരീഷ് എസ്.**
റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ

*ടൈപ്പ് സെറ്റിംഗ് & ലേ ഔട്ട്:*
**കിരൺ സുരേന്ദ്രൻ**
യു.ഡി. ടൈപ്പിസ്റ്റ്

*ടൈപ്പ് സെറ്റിംഗ്:*
**സന്ധ്യ എസ്.പി.**
യു.ഡി. ടൈപ്പിസ്റ്റ്

പ്രസിദ്ധീകരണത്തിൽ ഉപയോഗിച്ചിരിക്കുന്ന ചില ചിത്രങ്ങൾക്കും ഫോട്ടോകൾക്കും വിവിധ വെബ്സൈറ്റുകളോട് കടപ്പാട്.
ലേഖനങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ വകുപ്പിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും



അന്വേഷണങ്ങൾ
ഫോൺ: 0471 2305318



Primary Sector and GDP – A National Scenario cg

പി .സി. മഹലനോബിസ് ജീവിതവും സംഭാവനയും ck

പരിസ്ഥിതിയെ എങ്ങനെ അക്കൗണ്ട് ചെയ്യാം? de

The Price Of Cocoa Flying High dh

Making Data Count dm

Spice of Life: Kozhikode's Pepper Industry Sustains Tradition and Drives Economic Growth ed

'Statistical Literacy' – A vital Skill for Today's World ef

പ്രതിഭാധനരിലൂടെ eh

ലഹരിയാണ് കൃഷി ek

Kerala TB Patients Notified during May 2024 fc

Comparative Study of trend in Labour Force Participation Rate and Unemployment Rate based on different levels of education for people in Kerala and India ff

Sustainable Watershed-Based Development in Kozhikode District fi

World Population Day fm

Understanding Employment Trends in Kerala: Insights from the Periodic Labour Force Survey (PLFS) gf

Agricultural Statistics of Kerala 2022-23 - an overview gm

സമ്പൂർണ്ണ നിലംഭൂമി ഡാറ്റ ശേഖരണവും വിശകലനവും 2023–24 hg

ആലപ്പുഴ ജില്ലയിലെ വെള്ളക്കെട്ട് നിവാരണ പദ്ധതികൾ id

കോൾപാടങ്ങളും കാർഷിക വർഷവും ig

Analysing the industrial Production Trends in Kerala ik

# Editorial



The main function undertaken by the Department of Economics Statistics is to collect data based on various issues that have a critical impact on the economy of the state, review the available data and prepare and publish reports. Kerala is the state with the best and most well-founded statistical system in the country. The Department prepares reports by scientifically collecting timely, efficient and quality data.

The Department sees it as the need of the hour to adopt the most up-to-date review method keeping in mind the constant changes in data science and information technology.
For this purpose, initiatives have been taken to strengthen the Department's activities by forming new sections like Data Analytics Unit and Data Dissemination Unit, to empower the employees in the Department itself. It is possible to make the statistical system of the state more efficient by equipping the Department to enable research activities to provide timely statistics required for the planning process to the concerned agencies.

The fact that the Department of Economics and Statistics of the State of Nagaland had visited Kerala to assess and study the statistical system of Kerala adds more energy to our work. Economics and Statistics Departments of other states have also expressed interest in our statistical system. Ecostat News has been prepared by including articles prepared by the employees of the Department, details of important surveys undertaken by the Department and other topics related to the Department in order to increase the efficiency of the employees.

Congratulations to all the staff behind the preparation of this publication. Articles, valuable suggestions and criticisms to improve the quality of this publication are also welcome from humane.

Thiruvananthapuram
31.10.2024

**Sreekumar B.**
Chief Editor & Director,
Department of
Economics and Statistics





**C.V. Sreeraj**
Research Assistant
State Income DES

# Primary Sector and GDP – A National Scenario



*"Earth can satisfy man's need but not his greed"*

*Mahatma Gandhi, Father of Nation*

## 1951 Census and its impact

As we all know, 'Primary Sector', appropriately named as 'Agriculture Sector' is the back bone of Indian economy. British rule that lasted for nearly two centuries culminated leaving Indian economy with enough scars than stars. Mother India was looted with demonic wish and will to such effect that a nation once famous for its wealth and culture was left stranded with little food to eat, little clothes to wear and shelters with little facilities. Post colonisation, a nation, once well known for its wealth even in European fraternity, was struggling hard to protect the fertility of its woman and soil. Altogether, it is inevitable to say that even in the blessed morning light of Independence, people of India was facing nothing but a future mounting with darkness all over.

First census of India was conducted in 1951. On its road to assess the population of India, the report gave light to various socio-economic challenges our nation was facing. According to the report, only 18% of 36 crore Indians were literate and people who were living beyond 32 years were enjoying the great boon of almighty. Per Capita Land area in India was estimated at 2.25 acres but it has to be reiterated that Per Capita Agriculture Land available was 0.97 acres only, lest reality won't be served. Further, agriculture dependant persons were identified as 6.94 crores or nearly 19% of total population. Out of this, 1.49 lakhs were agriculture labours which in turn meant that 5.45 crores or nearly 15 % of our population were farmers. These figures hold

> The major changes occurred under structural transformation in the economy are changes in land utilization pattern, deceleration in agriculture and commercialization of existing agriculture, changes in sectoral share of GSDP, rapid urbanization, and changes in sectoral share of employment.



greater significance considering the fact that nearly 60% of our people were jobless or that this makes the half of our bread winners!

Eventhough India lost its divine flame in 1948, the nation, at least during 1950s, was sniffing with the blood and brain of Mahatma Gandhi. It is not at all a near coincidence that only his prominent disciple, 'Acharya VinobaBhave' could wipe the tears of some poor and landless through his revolutionary 'Bhoodan Movement'. Proactive leadership envisaged the pathetic situation of the nation. 'Land Reform Act' passed by State of Kerala, still remains as the most noble gesture shown by a responsible Government towards its people in maintaining social equity. In its venture to develop Indian economy, they came up with the 'First Five Year Plan' giving emphasis to 'Primary Sector'. Census report affirmed the decision with a conspicuous account on the huge gap between supply and demand of food grains. This report stated that agriculture productivity at 1951 was 700 lakh annual tonnes. Considering the growth of population and requirement of food grains a target was set as follows

| Year | Population (In Crores) | Needed agricultural productivity (In Lakhs of Annual Tonnes) | Targets of developments of agricultural productivity (In Lakhs of Annual Tonnes) | Percentage of Increase suggested (from 700 lakhs of Annual Tonnes of 1951) |
|---|---|---|---|---|
| 1961 | 41 | 850 | 150 | 21 |
| 1971 | 46 | 960 | 260 | 37 |
| 1981 | 52 | 1080 | 380 | 54 |

*Source: Census report 1951*

Now, going through the Census report of 1981, I was thrilled to find out that at least population projectiles were surpassed with great élan. According to the census, Indian population was beaming at 68.5crores. Life expectancy limped from 32 to 52. Literacy rate also surged to 36.23 percentages. The growth rate of population indicated the necessity to check it with suitable measures. China, the front runner in population at that point was having a population density of 108/km$^2$ only. At the same time India's population density was 216/km$^2$. But, it must not be forgotten that developed countries like Japan (310/km$^2$), Germany (244/km$^2$) and United Kingdom (228/km$^2$) were having a higher population density at that time. Out of total population, nearly 15.47% (10.6 crore) were farmers where agriculture labourers accounted for 9.67% (6.63 crore).

It can be seen that even with a greater population density, the percentage of farmers in our nation remained almost the same as it was in 1951. Before 1966, our agriculture development was clearly focused on improving arable land. We couldn't move forward with this ploy because by 1966 we had to import 10 million tons of food grains to counter droughts and famine. A nation that was trying to create a political facade on its own grounds,with novel foreign policies, couldn't afford wilting under external pressure to sustain the lives of its people. This accounted for 'Green Revolution' in India, thanks to Sri. M S Swaminathan. Since its inception in 1967 to till date 'Green Revolution' has addressed the one big issue nation faced; viz. 'Starvation'.

India is now the fourth in agriculture production only behind China, USA and Brazil. It is the premier producer of milk, pulses, tea and spices and runs second in the production of rice, wheat, sugarcane, groundnut, vegetables, fruits and cotton. Apart from the Bengal famine of 1980, the country has been able to counter famine and to a large extent, poverty, through 'Green Revolution'. The fact is evident from statistics shown below.

| Year | Rice | Wheat | Coarse cereals | Pulses | Total food grains | Oil seeds | Cotton | Sugarcane |
|---|---|---|---|---|---|---|---|---|
| 1950-51 | 21 | 6 | 15 | 8 | 50 | 5 | 3 | 57 |
| 1960-61 | 35 | 11 | 24 | 13 | 83 | 7 | 6 | 110 |
| 1970-71 | 42 | 24 | 31 | 12 | 109 | 10 | 5 | 126 |
| 1980-81 | 54 | 36 | 29 | 11 | 130 | 9 | 7 | 154 |
| 1990-91 | 74 | 55 | 33 | 14 | 176 | 19 | 10 | 241 |
| 2000-01 | 85 | 70 | 31 | 11 | 197 | 18 | 10 | 296 |
| 2010-11 | 96 | 87 | 43 | 18 | 244 | 32 | 33 | 342 |
| 2020-21 | 124 | 110 | 51 | 25 | 310 | 36 | 35 | 405 |
| 2021-22* | 130 | 107 | 51 | 28 | 316 | 38 | 31 | 432 |

*Note: Cotton production is in bales of 170 kg each*

** 4th advance estimate.*

*Source: Agriculture Statistics at a glance, Ministry of Agriculture; PRS*

'Green Revolution' since its inception was focused on the production of food grains, as we had to counter food scarcity. This is evident from the table above. You can see that the production

in oilseeds, cotton and sugarcane surged from 1990s and is on the rise ever since. 'Green Revolution' gave way to 'Gene Revolution' in 2002 with BT cotton and as a result we have achieved food security, surplus food grains at times, and is a world leader in cotton production too. At 2025, our nation is expected to have 320 million tonnes of food grains for self-sustainability. As per the estimates of 2022-23 we are sure to cross 329 million tonnes. Is this implies that our agriculture sector is in bed of roses? For those who are having a misperception should take into account that as per the statistics released by our Agriculture Ministry, the average monthly agriculture income for an Indian household is paltry 10,218 rupees!

Despite the boom in primary sector India was in economic doldrums at the beginning of 1990. Our industrial and infrastructure development was purely bubbled up with huge debts. As a poor nation with little GDP output, we had fewer choices too. On its way to cater the needs of a developing nation and tantalizing economy, we opened our doors to world and 'Globalization' which in turn is followed by 'Privatisation'. To discuss more on "Globalization" is not under the purview of our topic now as the topic in itself carries much weight. In fact, it goes without saying that 'Globalization' is a capitalist concept and is hence adept in profitable results than social commitments!

Milking land with profitable motive alone is not appreciable. Despite of being a world leader in agriculture production, we are facing serious issues. It varies from depleting arable land area to depletion of soil fertility owing to excessive use of pesticides and vermicides, from ground water depletion to carbon sequestration and emission of Green House Gases, from low productivity to non profitability and exploitation of intermediaries and availability of non-indigenous low cost products. Let us compare the GDP contribution of primary sector of the nation and our state since 1960.

### Contribution and Percentage of Growth in Primary Sector

| Year | Contribution of primary sector in GDP of India (%) | Contribution of primary sector in GSDP of Kerala (%) | Contribution of primary sector of Kerala to GDP of India (%) |
|---|---|---|---|
| **1950-51** | 53.04 | - | - |
| **1960-61** | 44.01 | - | - |
| **1970-71** | 43.41 | 32.59 | 1.67 |
| **1980-81** | 37.46 | 30.86 | 1.44 |
| **1990-91** | 31.95 | 25.23 | 0.91 |
| **2000-01** | 25.73 | 20.02 | 0.76 |
| **2010-11** | 21.03 | 16.37 | 0.60 |
| **2020-21** | 22.13 | 11.43 | 0.48 |

The table shows depleting primary sector contribution in India's GDP. The state of Kerala is also showing downward trend on par with national trend but the downhill movement in Kerala is more vigorous and less appreciable. It will be interesting to go through an eye opener statistics put forward by Prof. Ramesh Chand, Member NitiAyog, in September 2021. In an average year over year analysis, based on the figures available from 2011-12 to 2019-20, he tables Kerala as the state with least growth in primary sector and crop sector with **-2.19%** and **-3.63%** respectievely. One should not forget that negative growth in GDP alone doesn't mean that our primary sector is depleting. On the contrary, it means that 'Primary sector' is not developing on par with other sectors and hence in GSDP estimates.

According to a recent research, Agriculture Sector of Kerala is characterized by the preponderance of marginal (farmers with less than 1 Ha of land) and small cultivators (farmers with land area greater than 1 Ha but less than 2 Ha).Kerala economy has undergone faster structural changes in recent time. The major changes occurred under structural transformation in the economy are changes in land utilization pattern, deceleration in agriculture and commercialization of existing agriculture, changes in sectoral share of GSDP, rapid urbanization, and changes in sectoral share of employment. The consequences of these changes are conversion of food crops area to cash crops area (commercialization of agriculture); and conversion of agricultural lands for non-agricultural purposes. In Kerala, there has been sizable reduction in employment in crop production and a sharp growth in rural and urban non-agricultural employment. Shortage of labour in agriculture has pushed up the wage rate and cost of cultivation. The declining profitability in agriculture has resulted in withdrawal of farmers from agriculture. The impact of these changes is deceleration of agriculture leading to deficit in food production and food insecurity for the State.

A comprehensive agriculture development strategy is essential to address the issues in agriculture and to revive it as a dependable source of income and employment. Development has to be inclusive and extensive in all ways and at all times.Colonial reign promoted cash crops in India. This meant that, any drought, most common in any nation with complete dependence upon monsoon, led to famine. There was a time when ships from USA left to Indian costs with enough wheat in every 15 minutes. As for now, our wheat production is running ahead of time. Yes, we indeed have to sustain this growth but can never be demons of our own future generation. Revolutions, be it green, white or gene is best with enough smiles than scowls. We have suffered enough in the hands of foreign tyranny and can never have another trouncing from selfish business minds. It's high time the call for **'Sustainable Development'** should be upheld!

# പി.സി. മഹലനോബിസ് ജീവിതവും സംഭാവനയും





**മനോജ്.എം.**
അഡീഷണൽ ഡയറക്ടർ
ഡി ഇ എസ്

ജൂൺ 29 ദേശീയ സ്റ്റാറ്റിസ്റ്റിക്സ് ദിനമായി നാം ആചരിക്കുകയുണ്ടായി. പ്രശസ്ത ഇന്ത്യൻ ശാസ്ത്രജ്ഞനായ പ്രശാന്ത ചന്ദ്ര മഹലനോബിസിന്റെ ജന്മദിനമാണ് സ്റ്റാറ്റിസ്റ്റിക്സ് ദിനമായി ആചരിക്കുന്നത്. പ്രശാന്ത ചന്ദ്ര മഹലനോബിസ് 1893 ജൂൺ 29ന് കൽക്കട്ടയിലെ പുരാതനമായ ഒരു ബ്രാഹ്മണ കുടുംബത്തിൽ ജനിച്ചു. അച്ഛൻ പ്രബോധ ചന്ദ്ര മഹലനോബിസ്, അമ്മ നിരോദ് ബാസിനി. ധനപരമായും ധൈഷണികമായും ഉന്നത നിലവാരം പുലർത്തിയ ഒരു കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. കൽക്കട്ടയിലെ സിറ്റി കോളേജ് പ്രിൻസിപ്പൽ ഹേരാംബ ചന്ദ്രമൈത്രിയുടെ മകളായ നിർമ്മൽ കുമാരി മൈത്രിയായിരുന്നു ഭാര്യ. പ്രാഥമിക വിദ്യാഭ്യാസം കൽക്കട്ടയിലെ ബ്രഹ്മൊ ബോയ്സ് സ്കൂളിൽ ആയിരുന്നു. അവിടെ നിന്ന് 1908 ൽ സർവ്വകലാശാല പ്രവേശന പരീക്ഷ (Matriculation) പാസ്സായി. തുടർന്ന് കൽക്കട്ടയിലെ പ്രസിഡൻസി കോളേജിൽ ശാസ്ത്രം ഐച്ഛിക വിഷയമായി എടുത്ത് ഇന്റർമീഡിയേറ്റിന് ചേർന്നു. 1910 ൽ ഇന്റർമീഡീയറ്റ് പാസായി. അവിടെ നിന്നു തന്നെ 1912ൽ ഭൗതികം ഓപ്ഷണലായി എടുത്ത് ബിരുദവും നേടി. ഉന്നത വിദ്യാഭ്യാസം ലണ്ടൻ സർവ്വകലാശാലയിൽ നടത്തണമെന്ന ഉദ്ദേശ്യത്തോടെ മഹലനോബിസ് 1913ൽ ഇംഗ്ലണ്ടിലേക്ക് പോയി. ലണ്ടനിൽ വച്ച് അപ്രതീക്ഷിതമായി കേംബ്രിഡ്ജ് കിങ്സ് കോളേജിലെ മേലധികാരിയെ അദ്ദേഹം കാണാനിടയായി. ഒക്ടോബറിൽ കിങ്സ് കോളേജിൽ ചേരാവുന്നതാണെന്ന് അറിഞ്ഞപ്പോൾ അദ്ദേഹത്തിന് കൂടുതൽ സന്തോഷമായി. അങ്ങനെ ലണ്ടൻ സർവ്വകലാശാലയിൽ പഠിക്കുക എന്ന ഉദ്ദേശ്യം കൈവെടിഞ്ഞു കിങ്സ് കോളേജിൽ ചേർന്നു.

ഏകദേശം ഒരു വർഷവും എട്ടു മാസവും മഹലനോബിസ് കേംബ്രിഡ്ജിൽ ചെലവഴിച്ചു. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ അവിടുത്തെ ടിപ്പോസ് പരീക്ഷ പാസാകുകയും ചെയ്തു- ഗണിതശാസ്ത്രത്തിലുള്ള ഒന്നാം ഭാഗം 1914-ലും ഭൗതികത്തിലുള്ള രണ്ടാം ഭാഗം 1915-ലും. പിന്നീട് പ്രസിഡൻസി കോളേജിൽ ഉദ്യോഗം ലഭിക്കുകയും യുദ്ധകാല സേവനത്തിനായി ഇന്ത്യ വിട്ടിരുന്ന ഒരു ഫിസിക്സ് അധ്യാപകന്റെ ക്ലാസുകൾ കൈകാര്യം ചെയ്യുവാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. അങ്ങനെ ഫിസിക്സ് അസിസ്റ്റന്റ് പ്രൊഫസറായി മഹലനോബിസിന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചു. ഫിസിക്സിൽ ഓണേഴ്സ് ബിരുദം നേടിയ മഹലനോബിസ് ഉപരിപഠനത്തിനായി ഇംഗ്ലണ്ടിലേയ്ക്ക് പോയി. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിന് ചേർന്ന അദ്ദേഹം തന്റെ ട്യൂട്ടറായിരുന്ന ഡബ്ല്യൂ.എച്ച്.മെക്കോളെ (W.H.Mecaulay) ൽ നിന്നും ബയോമേട്രിക്ക (Biometrica) എന്ന പേരിലുള്ള ജേർണൽ വായിക്കുവാൻ ഇടവരുകയും അതുവഴി സാംഖിക ശാസ്ത്രത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനും സാധിച്ചു.

ബംഗാളിലെ ആംഗ്ലോ ഇന്ത്യരുടെ

ഉയരത്തെക്കുറിച്ച് പഠനം നടത്തി രചിച്ച ആദ്യത്തെ പ്രബന്ധം, നിയമപ്രകാരം നിരീക്ഷണശാലകളുടെ ഗവർണർ ജനറൽ ആയിരുന്ന സർ.ഗിൽബർട്ട് വാക്കറിന്റെ അഭിപ്രായമാരായുന്നതിനായി സമർപ്പിച്ചു. അതേ തുടർന്ന് കാലാവസ്ഥാ സംബന്ധിയായ ചില പ്രശ്നങ്ങളുടെ സാംഖികാപഗ്രഥനം നടത്തുവാൻ അദ്ദേഹം മഹലനോബിസിനോട് ആവശ്യപ്പെട്ടു, ഈ പഠനങ്ങളുടെ അനന്തരഫലമായി പ്രകൃതിയുടെ ഒരു പ്രതിഭാസം അദ്ദേഹം കണ്ടെത്തി. 'ഭൂമിയുടെ ഉപരിതലത്തിൽ കാലാവസ്ഥാസംബന്ധമായ മാറ്റങ്ങൾക്ക് ഏറ്റവും അധികം നിയന്ത്രണ വിധേയമായ ഭാഗം സമുദ്ര നിരപ്പിൽ നിന്ന് 4.കി.മീ. ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത് ' എന്ന് തികച്ചും സാംഖിക ശാസ്ത്രപരമായ പഠനത്തിലൂടെയാണ് മഹലനോബിസ് ഇത് കണ്ടെത്തിയത്. ഭൗതിക മാർഗങ്ങളിലൂടെ ഈ സിദ്ധാന്തം വർഷങ്ങൾക്ക് ശേഷം ജർമ്മനിയിലെ എഫ്. ബോർ എന്ന ശാസ്ത്രജ്ഞൻ കണ്ടെത്തി. ഈ പഠനങ്ങളോനുബന്ധിച്ചുതന്നെ ശരാശരിയിൽ നിന്നും ഉളള സാംഖിക വ്യതിചലനങ്ങളെ നിരീക്ഷണങ്ങളിലെ പിശകുകളിൽ നിന്നും വേർതിരിക്കപ്പെട്ടു. ഈ നിഗമനങ്ങളെല്ലാം വെളിപ്പെടുത്തുന്ന രണ്ട് ഉപന്യാസങ്ങളും ഒരു കുറിപ്പും അദ്ദേഹം 1923-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് 1922-ൽ അദ്ദേഹത്തെ കൽക്കട്ടയിലെ അലിപൂർ നിരീക്ഷണശാലയുടെ അന്തരീക്ഷ സ്ഥിതി പരിശോധകനായി (Meteorologist) നിയമിച്ചു. പ്രസിഡൻസി കോളേജിലെ അധ്യാപനത്തോടൊപ്പം തന്നെ ഏതാണ്ട് മൂന്നു വർഷക്കാലം അദ്ദേഹം ഈ ഉത്തരവാദിത്തവും വഹിച്ചു. ഈ കാലഘട്ടത്തിൽ നടത്തിയ ചില പഠനങ്ങളുടെ ഫലമായി മറ്റൊരു പ്രകൃതി സിദ്ധാന്തം കൂടി അദ്ദേഹം കണ്ടെത്തി. "കറുത്ത പക്ഷത്തിലാണ് കൽക്കട്ടയിൽ കൂടുതൽ മഴ പെയ്യുന്നത് "എന്നതായിരുന്നു അത്. ഈ നിഗമനങ്ങൾ പ്രസിദ്ധീകരിച്ചത് 1967-ൽ മാത്രമാണ്. നിരീക്ഷണശാലയിലെ ജോലി കൂടുതൽ കാരണം മെറ്റീരിയോളജിസ്റ്റിന്റെ പ്രത്യേക നിയമനം ആവശ്യമാണെന്ന് മഹലനോബിസ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. ഗവൺമെന്റ് ആ സ്ഥാനം അദ്ദേഹത്തിന് തന്നെ നൽകിയെങ്കിലും പ്രസിഡൻസി കോളേജിലെ ഭൗതിക പ്രൊഫസറായി തുടരാൻ ആഗ്രഹിച്ചതിനാൽ ആ സ്ഥാനം അദ്ദേഹം സ്വീകരിച്ചില്ല.

**അദ്ദേഹം ജോലി ചെയ്തിരുന്ന പ്രസിഡൻസി കോളേജിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ഒരു ഭാഗമാണ് ഇതിനുവേണ്ടി ഉപയോഗിച്ചിരുന്നത്. ഈ പരീക്ഷണശാലയാണ് പിന്നീട് പ്രശസ്തമായ 'ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആയി വളർന്നത്.**

1922-ൽ വടക്കൻ ബംഗാളിൽ ഭീകരമായ ഒരു വെള്ളപ്പൊക്കമുണ്ടായി. ഇതിനോടനുബന്ധിച്ച് ഗവൺമെന്റ് നിയമിച്ച എൻജിനീയറിംഗ് വിദഗ്ധർ മലവെള്ളം കെട്ടി നിർത്തുന്നതിനായി ചെലവേറിയ ഉറച്ച തടങ്ങൾ നിർമ്മിക്കുന്നതിനുളള ശിപാർശ ചെയ്യുകയുണ്ടായി. ആ സമയത്താണ് ഈ പ്രശ്നത്തെ പറ്റി പഠനം നടത്തുന്നതിനായി മഹലനോബിസിനെ ചുമതലപ്പെടുത്തിയത്. അദ്ദേഹം ഏകദേശം തുടർച്ചയായ 50 വർഷങ്ങളുടെ വെള്ളപ്പൊക്ക ചരിത്രം അവലോകനം ചെയ്തു. മലവെള്ളം കെട്ടി നിർത്തുന്നതിനായി പടുത്തുയർത്തുന്ന അറകൾ വടക്കൻ ബംഗാളിലെ വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിൽ പ്രയോജനപ്രദമാകില്ലെന്ന് അദ്ദേഹം മനസിലാക്കി. മഴ മൂലം ഉണ്ടാകുന്ന അധിക ജലം നദികളിലൂടെയും മറ്റും പുറത്തേക്ക് നിർഗമിക്കാൻ മാർഗമില്ലാത്തതാണ് വെള്ളപ്പൊക്കത്തിന് നിദാനമായി അദ്ദേഹം കണ്ടെത്തിയത്. അതുകൊണ്ട് ബഹിർഗമന മാർഗങ്ങളുടെ വികസനമാണ് ആവശ്യമെന്ന് മനസിലാക്കി അതിനുവേണ്ട വ്യക്തമായി പരിഹാര മാർഗങ്ങൾ അദ്ദേഹം നിർദ്ദേശിച്ചു. അവയിൽ പലതും നടപ്പാക്കുകയും ഫലപ്രദമായി പരിഗണിക്കുകയും ചെയ്തു. തത്തുല്യമായ പ്രശ്നം തന്നെ 1926-ൽ ബ്രാഹ്മണി നദിയിലുണ്ടായ വെള്ളപ്പൊക്കം മൂലം ഒറീസയിലും സംജാതമായി. പ്രശ്നം മഹലനോബിസിന് തന്നെ സമർപ്പിക്കപ്പെട്ടു. ഇതിന്റെ ഫലമായി ഒറീസ്സയിലെ നദികളിലെ വെള്ളപ്പൊക്കത്തിന് കാരണമായ മഴയുടെ കാലയളവിനെകുറിച്ചും ഭൂപ്രദേശത്തെക്കുറിച്ചും അദ്ദേഹം പഠനം നടത്തി. ഏകദേശം അറുപത് വർഷങ്ങളിലെ വർഷപാതത്തെ സംഗ്രഹിച്ചായിരുന്ന പഠനം. ഈ സന്ദർഭത്തിൽ ബ്രാഹ്മണീ നദീമുഖത്തുണ്ടായ ഭൂതല പരിവർത്തനത്തിന്റെ ഫലമായാണ് വെള്ളപ്പൊക്കം ഉണ്ടായതെന്നും നദീതീര ഭിത്തിയുടെ ഉയരം വർദ്ധിപ്പിക്കുകയാണ് പരിഹാരമാർഗമെന്നുമായിരുന്നു വിദഗ്ധ എൻജിനീയിറിങ്ങ് കമ്മിറ്റിയുടെ നിർദ്ദേശം. എന്നാൽ മഹലനോബിസ് തന്റെ പഠനത്തിലൂടെ കണ്ടെത്തിയതാവട്ടെ, നദീമുഖത്ത് മാറ്റങ്ങളൊന്നും സംഭിവിച്ചിട്ടില്ലെന്നും, അധികമായുണ്ടാകുന്ന മലവെളളത്തെ കെട്ടി നിർത്തുന്നതിനാവശ്യമായ അണകൾ നിർമ്മിക്കുകയാണ് ഉത്തമമായ പരിഹാര മാർഗമെന്നും ആയിരുന്നു. നദികൾ സമതലത്തിലെത്തുന്നതിന് മുമ്പ് തന്നെ അണകൾ നിർമ്മിക്കുന്നതാണ് വെള്ളപ്പൊക്കത്തെ നിയന്ത്രിക്കാൻ സഹായിക്കുകയെന്നും അത് വൈദ്യുതിയുടെ ഉത്പാദനത്തിന് അനുയോജ്യമാകുമെന്നും അദ്ദേഹം നിർദ്ദേശിച്ചു. കൂടാതെ ഒറീസയിലെ മഹാനദിയിൽ നടപ്പാക്കേണ്ട വിവിധോദ്ദേശ്യ പദ്ധതിയ്ക്കും അദ്ദേഹം രൂപം നൽകി. അതാണ് മുപ്പത് വർഷങ്ങൾക്ക് ശേഷം ഉദ്ഘാടനം ചെയ്ത ഹിറാക്കുഡ് ജലവൈദ്യുത പദ്ധതി. വർഷപാതത്തെക്കുറിച്ചും വെള്ളപ്പൊക്കത്തെക്കുറിച്ചും നടത്തിയ പഠനങ്ങളുടെ രണ്ട് വലിയ റിപ്പോർട്ട് അദ്ദേഹം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ ഗവേഷണങ്ങളുടെ സംക്ഷിപ്ത രൂപം ഉപന്യാസ രൂപേണ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഈ പഠനങ്ങളെ ഓപ്പറേഷൻസ് റിസർച്ച് ശാഖയിലെ

ഉദാഹരണങ്ങളായി കണക്കാക്കാം.. ഓപ്പറേഷൻസ് റിസർച്ച് ഒരു പ്രത്യേക പാഠ്യ വിഷയമായി രൂപം കൊണ്ടത് വർഷങ്ങൾക്ക് ശേഷം, അതായത് രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം, ആണെന്നതും പ്രസ്താവ്യമാണ്.

ഈ ശാഖയിൽ മഹലനോബിസിന്റെ മറ്റൊരു പ്രധാന സംഭാവന ദാമോദർ നദിയിലെ വിവിധോദ്ദേശ്യ ജലവൈദ്യുത പദ്ധതിയുടെ ആവിഷ്കരണത്തിലാണ്. ഹൂഗ്ലി–ഹൗറയിലെ ജലസേചന പദ്ധതിയെ കുറിച്ച് പഠനം നടത്തി തന്റെ നിഗമനങ്ങൾ അദ്ദേഹം 1937–ൽ ബംഗാൾ ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. അതിലദ്ദേഹം മഴയോടൊപ്പം ദാമോദർ നദിയിലെ അധികജലം ഉപയോഗിച്ച് ഒരു സേചന പദ്ധതി ആവിഷ്ക്കരിച്ചാൽ ഉണ്ടാകാവുന്ന നെല്ലുല്പാദന വർദ്ധനയുടെ ഒരു ആകലനം നൽകിയിരുന്നു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ദാമോദർ നദിയിലെ വിവിധോദ്ദേശ്യ ജലവൈദ്യുത പദ്ധതിയ്ക്ക് രൂപം നൽകിയത്.

1924–ൽ മഹലനോബിസ് കൃഷി സംബന്ധമായ പരീക്ഷണഫലങ്ങളിൽ സംഭവ്യമായ തെറ്റുകളെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുകയുണ്ടായി. ആറു തരം നെൽവിത്ത് ചിട്ടയായി പത്ത് നിലങ്ങളിൽ വീതം വിതച്ച് പരീക്ഷണം നടത്തി ലഭിച്ച ഫലങ്ങളെ വിശകലനം ചെയ്യുകയായിരുന്നു അതിൽ. മണ്ണിന്റെ വിഭിന്നതിയിലുള്ള മാറ്റത്തെ പൂർണ്ണമായും ഇല്ലാതാക്കിയാണ് പഠനം നടത്തിയത്. പരീക്ഷണങ്ങളുടെ ആസൂത്രണത്തിൽ (Design of Experiments) ഡോക്ടർ.ആർ.എ.ഫിഷർ നടത്തിയ പഠനങ്ങളെക്കുറിച്ച് അറിയാതെ, ഈ ഉപന്യാസത്തിൽ പിശകുകൾ ഗണിക്കുന്നതിനാവശ്യമായ ആവർത്തനപരമായ നിരീക്ഷണങ്ങൾക്കായി ഒരു നിലത്തെ പല നിലങ്ങളായി തിരിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഡോക്ടർ.ഫിഷർ അപ്പോഴേക്കും സാഖിക ശാസ്ത്രത്തിലെ സൈദ്ധാന്തികവും പ്രായോഗികവും ആയ തലങ്ങളിൽ നൽകിയ നൂതനവും അനുപമവും ആയ സംഭാവനങ്ങളിലൂടെ ഒരു ബഹുമാന്യസ്ഥാനത്തേക്ക് ഉയർന്ന് കഴിഞ്ഞിരുന്നു. ഇംഗ്ലണ്ടിലെ റോതാംസ്റ്റഡ് അഗ്രികൾച്ചറൽ സ്റ്റേഷനിലായിരുന്നു സർ. ഫിഷർ പ്രവർത്തിച്ചിരുന്നത്. 1923–ൽ പ്രസിദ്ധീകരിച്ച ഫിഷറിന്റെ കാർഷിക പഠന സംബന്ധമായി ലേഖനം ലോകമാസകലമുള്ള കാർഷിക പരീക്ഷണങ്ങളെ ഉദ്ധരിക്കാൻ സഹായകമായി. പരീക്ഷണങ്ങളുടെ മാതൃകകളിൽ പിന്നീട് അദ്ദേഹം നടത്തിയ പഠനങ്ങൾക്ക് അത് അടിസ്ഥാന ശിലയാകുകയും ചെയ്തു. മഹലനോബിസിന്റെ ഉപന്യാസത്തെക്കുറിച്ച് അറിയാനിടയായ ഫിഷർ അദ്ദേഹത്തിന്റെ സ്വന്തം ലേഖനങ്ങൾ മഹലനോബിസിന് അയച്ച് കൊടുത്തു. 1926–ലെ ഇംഗ്ലണ്ട് സന്ദർശനവേളയിൽ മഹലനോബിസ് സർ. ഫിഷറിനെ സന്ദർശിച്ചു. അടുപ്പമേറിയ ഒരു വ്യക്തിബന്ധത്തിന് ഇത് തുടക്കം കുറിച്ചു. മഹലനോബിസ് സ്ഥാപിച്ച ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഇടയ്ക്കിടെ സർ.ഫിഷർ നടത്തിയ സന്ദർശനങ്ങൾ ഈ സൗഹൃദത്തെ ചൈതന്യവത്താക്കി. 1962–ൽ ഫിഷർ അന്തരിക്കുന്നതുവരെ ഈ സുഹൃത് ബന്ധം നിലനിന്നു. സാംഖികത്തെ വർത്തമാനഘട്ടത്തിലെ നൂതന സാങ്കേതികശാസ്ത്രമായി ഇരുവരും പരിഗണിച്ചു. സാംഖികത്തിന്റെ അടിസ്ഥാനപരവും പ്രായോഗികവുമായ തലങ്ങളിൽ രണ്ടു പേരും സമാനവീക്ഷണഗതിക്കാരായിരുന്നു. ഇന്ത്യയിൽ ആദ്യമായി ഫിഷറിന്റെ മാർഗങ്ങളിലൂടെ സാംഖികരീതികൾ പ്രവർത്തനോമുഖമായത് മഹലനോബിസിന്റെ ശ്രമഫലമാണ്.



സാംഖികശാസ്ത്രമാകട്ടെ, അക്കാലത്ത് കേവലം 'സ്ഥിതിവിവരക്കണക്ക്' മാത്രമായി നിലനിൽക്കുകയായിരുന്നു. രാജ്യഭരണ കാര്യങ്ങളിൽ സ്ഥിതി വിവര ശാസ്ത്രത്തിന്റെ ഉപയോഗത്തിന് അരിസ്റ്റോട്ടിലിന്റെ കാലത്തോളം പഴക്കമുണ്ടെങ്കിലും ഇന്ത്യയിൽ അതിന്റെ ശൈശവം പിന്നിട്ടിരുന്നില്ല. 'സാംഖിക'ത്തെ ഒരു പ്രത്യേക ശാസ്ത്ര ശാഖയായി വികസിത രാഷ്ട്രങ്ങൾ പോലും അംഗീകരിച്ചത് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ്. ഇന്ത്യയിൽ ആകട്ടെ, ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ഈ വിഷയം തികച്ചും അജ്ഞാതമായിരുന്നു. പക്ഷെ 1930–ന് ശേഷം ദ്രുതഗതിയിലുള്ള മാറ്റമാണ് ഈ രംഗത്തുണ്ടായത്. സാംഖികത്തിൽ ക്രമാനുഗതവും സമഗ്രവും ആയ ഒരു വികസനത്തിന് അടിത്തറയിട്ടതും, അതൊരു പ്രത്യേക പാഠ്യവിഷയവുമായി അംഗീകരിക്കപ്പെട്ടതും മഹലനോബിസ് സ്റ്റാറ്റിസ്റ്റിക്കൽ ലാബോറട്ടറി സ്ഥാപിച്ചതോടെയാണ്. അദ്ദേഹം ജോലി ചെയ്തിരുന്ന പ്രസിഡൻസി കോളേജിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ ഒരു ഭാഗമാണ് ഇതിനുവേണ്ടി ഉപയോഗിച്ചിരുന്നത്. ഈ പരീക്ഷണശാലയാണ് പിന്നീട് പ്രശസ്തമായ **'ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്'** ആയി വളർന്നത്. എന്നാൽ 1960ലാണ് ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഗവൺമെന്റിന്റെ അംഗീകൃത സ്ഥാപനമായി മാറിയത്. 1939 മുതൽ സാംഖ്യികത്തിൽ പരിശീലന ക്ലാസ്സുകൾ ആരംഭിച്ചിരുന്നു. ഇന്ത്യാ ഗവൺമെന്റ് 1949–50–ൽ നൽകിയ സഹായധനം ഉപയോഗിച്ച് ഗവേഷണ പ്രവർത്തനങ്ങളും ഇൻസ്റ്റിറ്റ്യൂട്ടിലെ ട്രെയിനിങ്ങ് സ്കൂളും ഏതാണ്ട് സ്ഥിരപ്പെട്ടിരുന്നു. 1953–ൽ ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു സർവ്വകലാശാലയാക്കി മാറ്റും എന്ന അഭിപ്രായം രൂപം കൊണ്ടു. പക്ഷെ തികച്ചും സാങ്കേതിക വിഷയമായ സാംഖികത്തിന്റെ ഉന്നതപഠനത്തിന് ഇത് അനുയോജ്യമല്ല എന്ന കാരണം പറഞ്ഞ് ആ അഭിപ്രായം തിരസ കരിക്കപ്പെട്ടു. പക്ഷേ 1955–ൽ ഇൻസ്റ്റിറ്റ്യൂട്ടിന് ദേശീയ

പ്രാധാന്യം നൽകി ഒരു അംഗീകൃത സ്ഥാപനമാക്കി മാറ്റാം എന്ന് ഗവൺമെന്റ് സമ്മതിച്ചു. അതനുസരിച്ച് 1959 ഡിസംബർ 14 ന് ലോകസഭയിലും 17 ന് രാജ്യസഭയിലും അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു ബിൽ അവതരിപ്പിച്ചു. പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കിയ ഈ ബിൽ 'ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആക്ട്' എന്നാണ് അറിയപ്പെടുന്നത്. ഈ നിയമപ്രകാരം ഇൻസ്റ്റിറ്റ്യൂട്ടിന് ദേശീയ പ്രാധാന്യം കൈവരികയും ബിരുദങ്ങൾ സമ്മാനിക്കാനുള്ള അവകാശം ലഭ്യമാകുകയും ചെയ്തു. 1960 ഏപ്രിൽ മുതൽ ഈ നിയമം നടപ്പിലാക്കുകയും ചെയ്തു. ഇതേ തുടർന്ന് അതേ വർഷം ജൂലൈയിൽ തന്നെ സാംഖിക ശാസ്ത്രത്തിൽ ബിരുദവും (B. Stat.) ബിരുദാന്തര ബിരുദവും (M. Stat) നൽകുന്ന കോഴ്സുകൾ ആരംഭിച്ചും സാംഖികത്തിൽ പി.എച്ച്.ഡി (Ph.D) ഡി.എസ്.സി (D S C) തുടങ്ങിയ ബിരുദങ്ങൾ നൽകുന്നതിനുള്ള ഏർപ്പാടുകളും ചെയ്തു. അടിസ്ഥാനവിഷയങ്ങളായ ഗണിതം, സാംഖികം, സാമ്പത്തിക ആസൂത്രണം എന്നിവ കൂടാതെ മറ്റ് ശാസ്ത്രീയ വിഷയങ്ങളിലും കൂടി അറിവു നൽകുന്ന രീതിയിലായിരുന്നു കോഴ്സുകൾക്ക് രൂപം നൽകിയിരുന്നത്. മറ്റെല്ലാ ശാസ്ത്രീയ വിഷയങ്ങളോടും ഉള്ള ബഹുമാനവും അവയിലെല്ലാം തന്നെ അറിവ് ആർജ്ജിക്കാനുള്ള തൃഷ്ണയും ആണ് ഇങ്ങനെയുള്ള കോഴ്സുകൾ ആസൂത്രണം ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

1939–40–നിടയ്ക്കായി ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കാൻ എത്തിയ, അമേരിക്കയിലെ കൊളംബിയ സർവ്വകലാശാലയിലെ സ്റ്റാറ്റിസ്റ്റിക്സ് പ്രൊഫസർ ഹാരോൾഡ് ഹോട്ട് ലിങ് ഇന്ത്യൻ സെൻട്രൽ ജ്യൂട്ട് കമ്മിറ്റിക്ക് എഴുതിയ റിപ്പോർട്ടിൽ ഇങ്ങനെ രേഖപ്പെടുത്തി 'അമേരിക്കയിലും, ഞാൻ കണ്ടിടത്തോളം മറ്റൊരിടത്തും തന്നെ, പ്രഫസർ മഹലനോബിസ് ആവിഷ്ക്കരിച്ചത് പോലെ മിതവ്യയവും സൂക്ഷ്മഫലദായകവും ആയ സാംമ്പ്ലിംഗ് രീതികൾ പുരോഗമിച്ചിട്ടില്ല.'

ബംഗാളിലെ ചണകൃഷിയെ കുറിച്ച് നടത്തിയ പഠനങ്ങൾ സംഗ്രഹിക്കുന്ന മഹലനോബിസിന്റെ ഗ്രന്ഥത്തിൽ ഇരുദശകങ്ങളിലായി നടത്തുന്ന സാംപ്ലിങ്ങ് പ്രക്രിയയെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. ഇതിനെ നിരീക്ഷണ വസ്തുക്കളുടെ എണ്ണം മുൻകൂട്ടി നിശ്ചയിക്കാതെ, നിരീക്ഷണഫലങ്ങളെ ആശ്രയിച്ച് നിഗമനം കൈക്കൊള്ളുന്ന എബ്രഹാം വാൾഡിന്റെ (Abraham Wald) സീക്വൻഷ്യൽ അനാലിസിസ് പ്രക്രിയയുടെ മുൻഗാമിയായി പരിഗണിക്കാം. ചുരുക്കത്തിൽ സാംപ്ലിങ്ങ് രീതിയിൽ മഹലനോബിസ് മൂന്ന് പ്രധാന സംഭാവനകൾ നൽകിയിരിക്കുന്നതായി കാണാം. 1. പൈലറ്റ് സർവേ 2. ഇന്റർപെനട്രേറ്റിങ് നെറ്റ് വർക്ക് ഓഫ് സബ് സാമ്പിൾസ് (IPNS) 3. പരിശോധനകളുടെ ഏറ്റവും നല്ല രൂപം ലഭ്യമാക്കുന്ന സിദ്ധാന്തം (Concept of optimum designs of surveys). വിപുലമായ തോതിൽ ഒരു സർവേ ആരംഭിക്കുന്നതിന് മുമ്പായി ആ സർവേക്ക് എത്രമാത്രം ചെലവ് ഉണ്ടാകുമെന്നും എത്രമാത്രം സൂക്ഷ്മമായ ഫലങ്ങൾ ലഭ്യമാകുമെന്നും നിർണയിക്കുന്നതിന് വേണ്ടിയാണ് പൈലറ്റ് സർവേ അദ്ദേഹം ആസൂത്രണം ചെയ്തത്. പൈലറ്റ് സർവേ മൂലം ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗിച്ച് കൊണ്ട് കൂടുതൽ സൂക്ഷ്മമായ ഫലങ്ങൾക്ക് വേണ്ടി വൻ തോതിൽ നടത്താൻ പോകുന്ന സർവേയ്ക്ക് രൂപം നൽകാൻ കഴിയും. വിപുലമായ തോതിൽ സർവേ നടത്തുമ്പോൾ സാംപ്ലിങ്ങ് മൂലമല്ലാത്ത ധാരാളം തെറ്റുകൾ സംഭവ്യമാണ്. പ്രത്യേകിച്ചും വിവരങ്ങൾ ശേഖരിക്കുന്ന വ്യക്തികൾ മൂലം സംഭവിക്കുന്ന തെറ്റുകൾ. ഇത്തരത്തിൽ സംഭവ്യമാകുന്ന തെറ്റുകളുടെ മൂല്യനിർണയത്തെ ആശ്രയിച്ചായിരിക്കും പഠനഫലങ്ങളുടെ സൂക്ഷ്മത. ഈ തെറ്റുകൾ നിർണയിക്കാനുള്ള ഒരു വിദഗ്ധ മാർഗമാണ് മഹലനോബിസ് IPNS-ലൂടെ സാംപ്ലിങ്ങ് സിദ്ധാന്തത്തിന് കാഴ്ചവച്ചത്. മൂന്നാമത്തെ സിദ്ധാന്തമായ പരിശോധനകളുടെ ഏറ്റവും നല്ല രൂപം എന്നത് കൊണ്ട് വിവക്ഷിക്കുന്നത് കൃത്യതയെ ഒരു നിശ്ചിത നിലവാരത്തിൽ കുറയാതെ നിലനിർത്തികൊണ്ട് വ്യയം കുറയ്ക്കുന്ന അല്ലെങ്കിൽ ചെലവിനെ നിശ്ചിത നിലവാരത്തിൽ നിർത്തി ഫലങ്ങളുടെ കൃത്യതയെ വർദ്ധിപ്പിക്കുന്ന, തരത്തിലുള്ള ഒരു സർവേയ്ക്ക് രൂപം കൊടുക്കുക എന്നതാണ്. ഈ സിദ്ധാന്തങ്ങൾ എല്ലാം ഉൾക്കൊണ്ട, അദ്ദേഹത്തിന്റെ പ്രബന്ധം ആണ് 1944–ൽ 'വൻതോതിലുള്ള സാമ്പിൾ സർവേ' (On Large Scale Sample Surveys) എന്ന തലക്കെട്ടിൽ റോയൽ സൊസൈറ്റിയുടെ ഫിലോസഫിക്കൽ ട്രാൻസാക്ഷനിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ സാംഖികാധിഷ്ഠിതമായ മാതൃകകളുടെ പരീക്ഷണങ്ങൾ (Experiments in Statistical Sampling in the Indian Statistical Institute) എന്ന പേരിൽ ഒരു പുസ്തകവും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**സാംഖിക ശാസ്ത്രത്തിന്, പ്രത്യേകിച്ചും വിപുലമായ തോതിൽ ആസൂത്രണം ചെയ്തു നടപ്പാക്കിയ സാമ്പിൾ സർവേകൾക്ക്, മഹലനോബിസ് നൽകിയ സംഭാവനകളെ വിലയിരുത്തിക്കൊണ്ട് 1944-ൽ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ നിന്ന് വെൽഡൺ മെമ്മോറിയൽ മെഡലും (Weldon Memorial Medal) പാരിതോഷികവും അദ്ദേഹത്തിന് ലഭിച്ചു.**

ചണോത്പാദനത്തിന്റെ ആകലനത്തിനായി നടത്തിയ മാതൃകാ പരിശോധനകളിൽ അവലംബിച്ച മഹലനോബിസിന്റെ നൂതനാശയങ്ങളെ വിലയിരുത്തികൊണ്ട് ഒരിക്കൽ സർ ഫിഷർ ഇങ്ങനെ പ്രസ്താവിച്ചു.

"സാമ്പിൾ സർവേകളിൽ ഇന്ത്യയുടെ സംഭാവനകളിൽ ശ്രദ്ധേയമായ സംഗതി എന്തെന്നാൽ ഇവിടെ സർവേ നടത്തുമ്പോൾ സാധാരണമായ പ്രായോഗിക വിഷമതകളെ സാംഖിക നിയമങ്ങളുടെ യാഥാർത്ഥ്യവുമായി

സംയോജിപ്പിച്ചിരിക്കുന്നു. അതും, ഒരു വിപുലമായ സർവേയുമായി താരതമ്യം ചെയ്യുമ്പോൾ വിദ്യാഭ്യാസപരമായി പൂർണ്ണമായും പിന്നോക്കം നിൽക്കുന്ന ഒരു രാജ്യത്ത്, അടിസ്ഥാനപരമായ ശാസ്ത്രീയ തത്വങ്ങൾ ഉപയോഗിച്ചുകൊണ്ട് യുക്തിയുക്തം തെളിയിക്കാവുന്ന സൂക്ഷ്മതയോടെ കൈകാര്യം ചെയ്തിരിക്കുന്നു. ആ സ്ഥാനത്ത് നിന്ന് നോക്കിയാൽ നിലവാരം ഒരിക്കലും പുറകിലല്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതുവായി ആസൂത്രണം ചെയ്ത എല്ലാ വസ്തുത ശേഖരണ സമ്പ്രദായങ്ങളും അടിസ്ഥാനപരമായ താരതമ്യ പഠനത്തിന് ഇന്ത്യയുടെ സാമ്പിൾ പരിശോധനാ രീതിയെ ഉപോൽബലകമാക്കുന്നു. മറ്റെല്ലായിടത്തും എന്ന പോലെ ഇന്ത്യയിലും വൈഷമ്യങ്ങൾ ഉണ്ട്. എന്നാൽ വസ്തുതകൾ ശേഖരിച്ചതിന്റെ വേഗതയും ചെലവഴിച്ച തുച്ഛമായ ധനവും ലഭ്യമായ ഫലങ്ങളുടെ വർദ്ധിച്ച സൂക്ഷ്മതയും ഒരിക്കലും ചോദ്യം ചെയ്യപ്പെടുകയില്ല".



സാംഖിക ശാസ്ത്രത്തിന് മഹലനോബിസ് നൽകിയ ഒരു പ്രധാന സംഭാവനയാണ് $D^2$ സ്റ്റാറ്റിസ്റ്റിക്. പിന്നീടത് 'മഹലനോബിസ് ഡിസ്റ്റൻസ്' എന്നറിയപ്പെടാൻ തുടങ്ങി. ഗണങ്ങൾ തമ്മിലുള്ള വൈജാത്യത്തിന്റെ അല്ലെങ്കിൽ സാരൂപ്യത്തിന്റെ വ്യാപ്തിയുടെ അളവിനെയാണ് മഹലനോബിസ് ദൂരം എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്. നരവംശ ശാസ്ത്രം, ജീവസാംഖികം, ജനസംഖ്യാശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, ഭൂവിജ്ഞാനം, മനശ്ശാസ്ത്രം തുടങ്ങിയ ശാസ്ത്ര ശാഖകളിലെല്ലാം തന്നെ ഗണങ്ങൾ തമ്മിലുള്ള 'അകലം' കണ്ടുപിടിക്കേണ്ടതായി വരാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ 'മഹലനോബിസ് ഡിസ്റ്റൻസ്' ഉപയോഗിക്കാം.

സ്വാതന്ത്ര്യലബ്ധി വരെ ആസൂത്രണം ചെയ്ത ഒന്നും തന്നെ പുരോഗമിക്കാത്ത സാഹചര്യത്തിൽ 1947 നവംബറിൽ ജവഹർലാൽ നെഹ്റു ചെയർമാനായി ഒരു സാമ്പത്തിക നിർവഹണ സമിതി (Economic Programme Committee) രൂപീകൃതമായി. സ്ഥിരമായി ഒരു ആസൂത്രണ സമിതി ഉണ്ടാകണമെന്ന് 1948 ജനുവരിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഈ സമിതി ശിപാർശ ചെയ്തു. അതിന്റെ ഫലമായി നെഹ്റു തന്നെ ചെയർമാനായി പ്ലാനിംഗ് കമ്മീഷൻ രൂപം കൊണ്ടു. കാർഷിക വികസനത്തിന് പ്രാധാന്യം കൽപ്പിച്ച ഒന്നാം പഞ്ചവത്സര പദ്ധതിയ്ക്ക് രൂപം കൊടുത്തത് ഈ പ്ലാനിംഗ് കമ്മീഷനാണ്. ഇതിനിടയിൽ ഇന്ത്യാ ഗവൺമെന്റിന്റെ സാംഖികോപദേഷ്ടാവായി മഹലനോബിസ് നിയമിക്കപ്പെട്ടു. 1950–ൽ ആരംഭിച്ച നാഷണൽ സാമ്പിൾ സർവേ ആയിരുന്നു ലോകത്തിലെ ആദ്യത്തെ വിപുലമായ രീതിയിൽ നടപ്പിലാക്കിയ സാമ്പിൾ സർവേ. 1951–ൽ ഒരു സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ രൂപീകരിക്കപ്പെട്ടു. സംസ്ഥാനങ്ങളിൽ രൂപീകരിച്ച സാംഖ്യിക ഏജൻസികളുടേയും സ്റ്റാറ്റിസ്റ്റിക്കൽ ബ്യൂറോകളുടേയും പ്രവർത്തനങ്ങളെ സംയോജിപ്പിച്ച് കൊണ്ടുപോകുകയായിരുന്നു അതിന്റെ ഉദ്ദേശ്യം. രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യശില്പി മഹലനോബിസ് ആയിരുന്നു. പദ്ധതിയുടെ രൂപരേഖയ്ക്ക് അടിസ്ഥാനമാക്കിയ യുക്തിപരവും വസ്തുനിഷ്ഠവുമായ സംഗതികൾ 'The Approach of Operational Research to Planning in India' എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്.

സാംഖിക ശാസ്ത്രത്തിന്, പ്രത്യേകിച്ചും വിപുലമായ തോതിൽ ആസൂത്രണം ചെയ്തു നടപ്പാക്കിയ സാമ്പിൾ സർവേകൾക്ക്, മഹലനോബിസ് നൽകിയ സംഭാവനകളെ വിലയിരുത്തിക്കൊണ്ട് 1944–ൽ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽ നിന്ന് വെൽഡൺ മെമ്മോറിയൽ മെഡലും (Weldon Memorial Medal) പാരിതോഷികവും അദ്ദേഹത്തിന് ലഭിച്ചു. 1945–ൽ ലണ്ടനിലെ റോയൽ സൊസൈറ്റി അംഗത്വം നൽകി അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു. 1957–ൽ കൽക്കട്ട സർവ്വകലാശാലയുടെ സർ.ദേവപ്രസാദ് സർവ്വാധികാരി സ്വർണമെഡലും 1964–ൽ ചെക്കോസ്ലോവാക്യ അക്കാദമി ഓഫ് സയൻസിന്റെ സ്വർണമെഡലും 1968–ൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ ദുർഗപ്രസാദ് ഖയ്ത്താൻ മെമ്മോറിയൽ ഗോൾഡ് മെഡലും ശ്രീനിവാസരാമാനുജം ഗോൾഡ് മെഡലും അദ്ദേഹത്തിന് ലഭിച്ചു. 1961–ൽ വിശ്വഭാരതി സർവ്വകലാശാല ഓണററി ദേശികോത്തമ എന്ന ബഹുമതി നൽകി ആദരിച്ചു. 1968–ൽ ഭാരത സർക്കാരിന്റെ 'പത്മവിഭൂഷൺ' അവാർഡിന് അദ്ദേഹം അർഹനായി. 1972 ജൂൺ 28–ന് ജന്മദിനത്തിന്റെ തലേനാൾ അദ്ദേഹം അന്തരിച്ചു.

കുറിപ്പ്: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 1989 മാർച്ചിൽ പ്രസിദ്ധീകരിച്ച, ശ്രീമതി. ജി. ലസിത രചിച്ച 'പി .സി. മഹലനോബിസ് ജീവിതവും സംഭാവനയും' എന്ന പുസ്തകത്തെ പൂർണമായും അവലംബിച്ച് തയ്യാറാക്കിയത്.




# പരിസ്ഥിതിയെ എങ്ങനെ അക്കൗണ്ട് ചെയ്യാം?

*'The State shall endeavor to protect and improve the environment and to safeguard the forests and wild life of the country".*

*-Article 48A in Constitution of India*

പ്രകൃതിയുടെ നൈസർഗ്ഗികമായ പരിണാമ പ്രക്രിയയെ അലോസരപ്പെടുത്താതെ ഒരു കാലത്തും സമ്പദ്‌വ്യവസ്ഥ വികാസം പ്രാപിച്ചിട്ടില്ലെന്നത് ചരിത്രപരമായ വസ്തുതയാണ്. ഒന്ന് മറ്റൊന്നിന്റെ പ്രാഥമിക വിഭവ സ്രോതസ്സായി എല്ലാ കാലത്തും നില കൊള്ളുകയും, ഏറിയും കുറഞ്ഞുമുള്ള ചൂഷണത്തെ അതിജീവിക്കുന്നതിന് പ്രയാസപ്പെടുകയും ചെയ്യുന്നു. ഭൂമി മനുഷ്യന് മാത്രമല്ല സകല ജീവജാലങ്ങളുടെയും പരമ്പരകൾക്കായുള്ള പ്രതീക്ഷകളുടെ ഒരേയൊരു തുരുത്താണെന്ന പൊതു ബോധം ഇന്നുണ്ട്. പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കുന്നതിനായുള്ള ശ്രമങ്ങളിൽ ഏറി വരുന്ന പങ്കാളിത്തം സൂചിപ്പിക്കുന്നത് ഇതാണ്.



**സജിൻ ഗോപി**
അസിസ്റ്റന്റ് ഡയറക്ടർ
(സംസ്ഥാന വരുമാന വിഭാഗം)
ഡി ഇ എസ

ഈ വിധത്തിൽ ഒരു വശത്ത് പ്രകൃതി വിഭവങ്ങളുടെ ഉപഭോഗംസമ്പദ്‌വ്യവസ്ഥയുടെ പതിവ് പ്രായോഗിക പ്രക്രിയകളിൽ തുടരുമ്പോൾ മറുവശത്ത് അവയെ സംരക്ഷിക്കുന്നതിനായുള്ള ആവശ്യങ്ങളും ശ്രമങ്ങളും പൊതു സമൂഹത്തിൽ ഉയർന്ന് വരികയും ചെയ്യുന്നു. ഈ വൈരുദ്ധ്യത്തെ ഒരു രാജ്യത്തിന്റെ ഭരണ സംവിധാനം എങ്ങനെ ആഭിമുഖീകരിക്കും എന്നിടത്താണ് വികസനത്തിന്റെ സുസ്ഥിരതയെപ്പറ്റി നാം ചിന്തിക്കേണ്ടത്. സമ്പദ്യവസ്ഥയും മുന്നോട്ട് പോകേണ്ടതുണ്ട്. പ്രകൃതിയുടെ ആകുലതകളും കണക്കിലെടുക്കേണ്ടതുണ്ട്.

അമേരിക്കൻ ഗവേഷകനും ഗ്രന്ഥകാരനുമായ റോബർട്ട് റെപ്പറ്റോ ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി.

*‘‘ഒരു രാജ്യം അതിന്റെ മുഴുവൻ ധാതുക്കളും ഉപഭോഗം ചെയ്തു കൊണ്ടിരിക്കുകയാണെന്ന് കരുതുക. വനങ്ങൾ മുഴുവൻ മുറിച്ചെടുത്തു കൊണ്ടിരിക്കുകയാണെന്ന് കരുതുക. അവിടെ മണ്ണൊലിപ്പ് തുടരുകയും ജലസ്രോതസ്സുകൾ മലിനമായിക്കൊണ്ടിരിക്കുകയും ചെയ്യുകയാണെന്ന് കരുതുക. മൃഗങ്ങളും മത്സ്യങ്ങളുമടക്കം എല്ലാ ജൈവ സമ്പത്തും ചൂഷണം ചെയ്യപ്പെട്ട് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണെന്ന് കരുതുക. എങ്കിലും രാജ്യത്തിന്റെ വരുമാനം കണക്കാക്കുന്നതിനെ ഇത് ബാധിക്കുന്നില്ല.”*

1930 കൾ മുതൽക്ക് തന്നെ ലോക വ്യാപകമായി ഏറ്റവുമധികം ചർച്ചചെയ്യപ്പെടുന്ന മാക്രോ എക്കണോമിക്സ് സൂചകമായ മൊത്ത ആഭ്യന്തര ഉൽപ്പാദനം (GDP) കൊണ്ട് ഒരു രാജ്യത്തിന്റെ വളർച്ചയെ അളക്കുമ്പോൾ അവിടുത്തെ പ്രകൃതി വിഭവങ്ങളുടെ സുസ്ഥിരതയെ ഉൾക്കൊള്ളുന്നില്ലെന്ന വസ്തുത അദ്ദേഹം പറഞ്ഞു വയ്ക്കുകയായിരുന്നു. പരമ്പരാഗതമായി നാം ആശ്രയിച്ച് പോരുന്ന വികസന സൂചികകളുടെയും സ്ഥിതിവിവരകണക്ക് സമ്പ്രദായങ്ങളുടെയും ശ്രദ്ധ അടിയന്തിരമായി പ്രകൃതിയുടെ ആകുലതകളെകൂടി ഉൾക്കൊള്ളുന്ന തരത്തിൽ പരിഷ്കരിക്കപ്പെടേണ്ടതിനെപ്പറ്റി മൂന്നര പതിറ്റാണ്ടു മുൻപേ അദ്ദേഹം സൂചിപ്പിക്കുകയായിരുന്നു. തൊണ്ണൂറുകളിൽ വ്യാപകമായ ഇത്തരം ചർച്ചകളുടെയും അന്താരാഷ്ട്ര സംഘടനകളുടെ ഇടപെടലുകളുടെയും ഫലമായി പരിസ്ഥിതിയും സമ്പദ്‌വ്യവസ്ഥയും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളെ ശാസ്ത്രീയമായി തിട്ടപ്പെടുത്തുന്നതിനായി ഒരു സ്ഥിതിവിവരക്കണക്ക് സമ്പ്രദായം രൂപപ്പെടുത്തുന്നതിനായുള്ള ശ്രമങ്ങൾ നടക്കുകയുണ്ടായി. ഇത്തരം ശ്രമങ്ങളുടെ അന്തിമ ഫലമാണ് സിസ്റ്റം ഓഫ് എൻവിറോൺമെന്റൽ എക്കണോമിക് അക്കൗണ്ടിംഗ് (SEEA).

പ്രകൃതി വിഭവങ്ങളെ സാമ്പത്തിക വളർച്ചക്കും സുസ്ഥിരതക്കുമുള്ള മൂലധനമായി കണ്ട് അവയുടെ അവസ്ഥ, ശോഷണം, അവ നൽകുന്ന സേവനങ്ങൾ മുതലായ മാനങ്ങളെ വിവിധ അക്കൗണ്ടുകളിലൂടെ വിവരിക്കുകയാണ് SEEA പ്രധാനമായും ലക്ഷ്യമിടുന്നത്. സ്ഥല – കാല താരതമ്യങ്ങൾക്കുതകും വിധം പാരിസ്ഥിതിക – സാമ്പത്തിക അക്കൗണ്ടുകൾ രൂപപ്പെടുത്തുന്നതിന് സഹായിക്കുന്ന SEEA, സിസ്റ്റം ഓഫ് നാഷണൽ അക്കൗണ്ട്സ് പോലുള്ള ഇതര അക്കൗണ്ടിംഗ് സമ്പ്രദായങ്ങളോട് താദാത്മ്യപ്പെട്ടു പ്രവർത്തിക്കുന്നു. യുണൈറ്റഡ് നേഷൻസ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ 2012 –ൽ ഔദ്യോഗികമായി അംഗീകരിച്ച SEEA, ഇന്ന് നൂറോളം രാജ്യങ്ങളിൽ നടപ്പാക്കി വരുന്നു.

പ്രധാനമായും 3 ഭാഗങ്ങളാണ് SEEA, ക്ക് ഉള്ളത്.

1. SEEA സെൻട്രൽ ഫ്രെയിംവർക്ക്
2. SEEA എക്കോസിസ്റ്റം അക്കൗണ്ടിംഗ്
3. SEEA ആപ്ലിക്കേഷൻ & എക്സ്റ്റെൻഷസ്.

## 1. SEEA-CF

2012 ലാണ് യുണൈറ്റഡ് നേഷൻസ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ പാരിസ്ഥിതിക–സാമ്പത്തിക അക്കൗണ്ടുകൾ രൂപപ്പെടുത്തുന്നതിനുള്ള ഔദ്യോഗിക മാർഗം SEEA സെൻട്രൽ ഫ്രെയിം (SEEA-CF) അംഗീകരിക്കുന്നത്. SEEA-CF പ്രധാനമായും വനം, ഊർജ്ജം, ജലം മുതലായ പ്രകൃതി വിഭവങ്ങളെ സാമ്പത്തിക പ്രവർത്തനങ്ങൾക്കുള്ള മൂലധനം/ആസ്ഥിയായി കണ്ട് അക്കൗണ്ടുകൾ രൂപപ്പെടുത്തുന്നു. സമ്പദ്‌വ്യവസ്ഥയിലെ പ്രവർത്തനങ്ങൾക്കായി ഇത്തരം വിഭവങ്ങൾ എങ്ങനെ ഉപയോഗപ്പെടുത്തുന്നുണ്ടെന്നും തിരികെ പ്രകൃതിയിലേക്ക് അവശിഷ്ട പദാർത്ഥങ്ങളായി എന്തൊക്കെ എങ്ങനെയൊക്കെ എത്തിച്ചേരുണ്ടെന്നും അപഗ്രഥിക്കുന്നു. മൂന്നുതരം അക്കൗണ്ടുകൾ ഇതിനായി മുന്നോട്ട് വയ്ക്കുന്നു.

### I. Stock of Environmental Assets:

മണ്ണ്, വനം, മത്സ്യം തുടങ്ങിയ വിഭവങ്ങളുടെ സ്റ്റോക്ക്അക്കൗണ്ടുകൾ തുടർവർഷങ്ങളിൽ രൂപപ്പെടുത്തുക വഴി ഇത്തരം ആസ്തികളുടെ ശേഖരത്തെ കൃത്യമായി കണക്കാക്കുന്നു .

### II. Environmental Flows:-

നിരന്തരം സംവദിക്കുന്ന രണ്ട് സ്ഥാപനങ്ങളായി കണ്ട് പരിസ്ഥിതിയിൽ നിന്നും സമ്പദ് വ്യവസ്ഥയിലേക്കും സമ്പദ് വ്യവസ്ഥയിൽ നിന്ന് പ്രകൃതിയിലേക്കും വിഭവങ്ങൾ, ഉൽപ്പന്നങ്ങൾ, അസംസ്കൃത വസ്തുക്കൾ, അവശിഷ്ട പദാർത്ഥങ്ങൾ എന്നിവയുടെ ഒഴുക്ക് രേഖപ്പെടുത്തുന്നു.

### III. Activity/Purpose Accounts:-

SNA പോലുള്ള ഇതര സമ്പ്രദായങ്ങളിൽ പ്രതിപാദിക്കുന്ന/രേഖപ്പെടുത്തുന്ന പരിസ്ഥിതിയുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളെ അടയാളപ്പെടുത്തുന്നു.

## 2. SEEA - എക്കോ സിസ്റ്റം അക്കൗണ്ടിംഗ്

പരസ്പര ആശ്രയത്തോടെ നിലനിന്നു വരുന്ന ജൈവ-അജൈവ പദാർത്ഥങ്ങളുടെ ജീവ സമൂഹത്തെയാണല്ലോ നാം ലളിതമായി ആവാസ വ്യവസ്ഥ എന്നത്കൊണ്ട് അർത്ഥമാക്കുന്നത്. ജീവ സമൂഹത്തിന്റെ നിലനിൽപ്പ് തന്നെ അവ അധിവസിക്കുന്ന ആവാസ വ്യവസ്ഥയുടെ ആരോഗ്യകരമായ നിലനിൽപ്പിനെ ആശ്രയി ച്ചുകൊണ്ടാണ്. ചെറുതും വലുതുമായി നാം പരിചയിച്ച് പോരുന്ന ആവാസ വ്യവസ്ഥകളെ അവയുടെ ഘടനാപരമായ സവിശേഷതകൾക്കനുസൃതമായി സമീപിച്ച്കൊണ്ട് വ്യാപ്തി, അവസ്ഥ, സാധ്യത, സേവനങ്ങൾ മുതലായവ അക്കൗണ്ട് ചെയ്യുന്നതിനായി 2021-ൽ അംഗീകരിച്ച മാർഗ്ഗരേഖയാണ് SEEA എക്കോസിസ്റ്റം അക്കൗണ്ടിംഗ്. ഇവിടെ 5 തരം അക്കൗണ്ടുകളാണ് മുമ്പോട്ട് വയ്ക്കുന്നത്.

### 1. Extent Accounts:

ആവാസ വ്യവസ്ഥയുടെ വിസ്തൃതിയെ സംബന്ധിച്ച അക്കൗണ്ട്സ്. ഒരു ഭൂപ്രദേശത്തിന്റെ പരിധിക്കുള്ളിൽ നിർദ്ദിഷ്ട സമയത്തിൽ വ്യാപ്തിയിൽ വന്നിട്ടുള്ള മാറ്റം കൃത്യമായി ഈ അക്കൗണ്ടുകളിലൂടെ രേഖപ്പെടുത്തുന്നു. വനം, മണ്ണ് തുടങ്ങി ഏത് ആവാസ വ്യവസ്ഥയെ സംബന്ധിച്ചും Extent Account കൾ രൂപപ്പെടുത്താവുന്നതാണ്.

2. Ecosystem Conditions Account: ആവാസ വ്യവസ്ഥയുടെ ആരോഗ്യത്തെ സംബന്ധിക്കുന്ന അക്കൗണ്ടാണിത്. ഒരു ആവാസ വ്യവസ്ഥയുടെ ഘടനാപരമായ സവിശേഷതകളെ ഉൾക്കൊള്ളുന്ന സൂചകങ്ങളെ മുൻനിർത്തി ആ ആവാസ വ്യവസ്ഥയുടെ നിലനില്പിനുള്ള സാധ്യതകളെ അളക്കുകയാണ് കണ്ടീഷൻ അക്കൗണ്ടുകൾ ചെയ്യുന്നത്.

### 3. Ecosystem Services Account:-

ആവാസ വ്യവസ്ഥ പ്രദാനം ചെയ്യുന്ന സേവനങ്ങളെ പണത്തിന്റെ മൂല്യത്തിലോ അല്ലെങ്കിൽ അനുയോജ്യമായ ഏകകത്തിലോ രേഖപ്പെടുത്തുകയാണ് സർവീസ് അക്കൗണ്ടുകളുടെ ദൗത്യം. സമ്പദ്ഘടനയിലെ ഉപഭോക്താക്കളായ യൂണിറ്റുകൾക്ക് നേരിട്ട് ലഭിക്കുന്ന മത്സ്യം, സസ്യങ്ങൾ തുടങ്ങിയ സേവനങ്ങൾ (Provisioning Services) കാലാവസ്ഥ, വായു, ജലം തുടങ്ങിയ ഘടകങ്ങളുടെ പരിപാലനം (Regulation Services) എന്നിവ ഈ അക്കൗണ്ടുകൾ കണക്കിലെടുക്കുന്നു. ഇത് കൂടാതെ സാംസ്കാരികമായും വിശ്വാസപരമായും മറ്റും ഒരു ജന സമൂഹത്തിന് നൽകുന്ന സേവനങ്ങൾ കൂടി (Cultural Services)മൂന്നാമത്തെ വിഭാഗമായി ഉൾപ്പെടുന്നു.

### 4. Monitory Asset Account:-

ഈ അക്കൗണ്ടിൽ ആവാസ വ്യവസ്ഥയിലെ ആസ്ഥികളെ കൃത്യമായി പണത്തിന്റെ മൂല്യത്തിൽ അക്കൗണ്ട് ചെയ്യുന്നു. സർവീസ് അക്കൗണ്ടുകൾ സേവനങ്ങളെ സംബന്ധിച്ച് വാർഷിക മൂല്യം കണക്കാക്കുന്നു. ഒരു ആവാസ വ്യവസ്ഥയ്ക്ക് എത്ര കാലത്തോളം ഇതേ സേവനങ്ങൾ പ്രദാനം ചെയ്യാൻ സാധിക്കുമെന്ന് കണക്കാക്കി ആവാസ വ്യവസ്ഥയിലെ ആസ്ഥികളുടെ മൂല്യം കണക്കാക്കുന്നു. Extent, Condition അക്കൗണ്ടുകൾ പ്രദാനം ചെയ്യുന്ന വ്യാപ്തി, അവസ്ഥ എന്നീ ഘടകങ്ങളെ ഇത് ആശ്രയിച്ചിരിക്കുന്നു. താരതമ്യേന മോണിറ്ററി അസറ്റ് അക്കൗണ്ടുകൾ തയ്യാറാക്കുക പ്രയാസമേറിയ സംഗതിയാണ്. വിവിധ സൂചകങ്ങളുടെ സഹായം ഇതിന് ആവശ്യമായി വരും. തെരഞ്ഞെടുത്ത 6 സേവനങ്ങളുടെ അടിസ്ഥാനത്തിൽ യു.കെ.യിൽ 2016-ൽ മോണിറ്ററി അസറ്റ് അക്കൗണ്ട് തയ്യാറാക്കിയിട്ടുണ്ട്.

### 5. തീമാറ്റിക് അക്കൗണ്ട്സ്:-

ഒരു പ്രദേശത്തിന്റെ വികസന പ്രക്രിയയുടെ ഭാഗമായോ, ഭരണപരമായ പ്രവർത്തനങ്ങളുടെ ഭാഗമായോ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രതിപാദ്യ വിഷയങ്ങളെ അധികരിച്ച് രൂപപ്പെടുത്തുന്ന അക്കൗണ്ടുകളാണിവ. ഇന്ത്യയിലെ ജൈവവൈവിധ്യത്തെ അധികരിച്ച് തയ്യാറാക്കുന്ന ബയോഡൈവേഴ്സിറ്റി അക്കൗണ്ടുകൾ തീമാറ്റിക് അക്കൗണ്ടിന് ഒരു ഉദാഹരണമാണ്.

ഇത്തരത്തിൽ പാരിസ്ഥിതിക വിഭവങ്ങളെ മൂലധനമായി കണ്ടുകൊണ്ട് അവയുടെ വ്യാപ്തി, ആരോഗ്യം, സാധ്യത എന്നിവ കൃത്യമായി അപഗ്രഥിച്ച് അവ നൽകുന്ന പ്രത്യക്ഷവും പരോക്ഷവുമായ സേവനങ്ങളെ വ്യക്തമായി അടയാളപ്പെടുത്തികൊണ്ട് അവസാനം ഒരു ആവാസ വ്യവസ്ഥയുയെ ആകെ മൂല്യം അനുമാനിക്കുന്ന ഒരു ശ്രേണിപരമായ പദ്ധതി എക്കോസിസ്റ്റം അക്കൗണ്ടുകൾക്കുണ്ട്. വികസന നയരൂപീകരണത്തിൽ പ്രകൃതിയുടെയും പ്രകൃതി വിഭവങ്ങളുടെയും സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള ശിലാ സൂചകങ്ങളായി പ്രവർത്തിക്കുവാനുള്ള പ്രാപ്തി ഓരോ SEEA അക്കൗണ്ടുകൾക്കുമുണ്ട്. ഒരു രാജ്യത്തിന്റെ ഭരണ സംവിധാനം പ്രകൃതിയെ സുസ്ഥിരമായി സംരക്ഷിച്ചുകൊണ്ട് എങ്ങനെ സമ്പദ്വ്യവസ്ഥയെ മുന്നോട്ട് കൊണ്ടുപോകുമെന്ന ചോദ്യത്തിന് ഉത്തരമാകുന്നത് SEEA അക്കൗണ്ടുകൾ കൃത്യമായി തയ്യാറാക്കുകയും നയരൂപീകരണത്തിൽ പ്രാധാന്യത്തോടെ SEEA അക്കൗണ്ടുകളെ സമീപിക്കുകയും ചെയ്യുമ്പോൾ മാത്രമാണ്.



# The Price Of Cocoa Flying High.

Price Division
DES

### Cocoa: Cultivation, harvest and yield at a glance.

Cocoa can be cultivated as a mixed crop along with coconut and arecanut. Cocoa plants always prefer humid environments, and they yield more in high-rainfall areas. Cocoa is a shade-loving plant, so choosing a shaded area is better. To maintain moisture, coconut husk, banana sheath, cocoa husk, etc. can be used. Cocoa starts giving yields after 3 years of planting. It took almost 5–6 months for a cocoa pod to mature. Harvesting time depends on the colour of the pod. A yellow colour can be seen on the groves, and later it spreads throughout the entire pod. Those pods can be harvested and heaped for 2–3 days for fermentation. Then the pod can be broken to collect cocoa beans from it. The collected cocoa beans are then dried and stored for making cocoa powder and chocolate. It is observed that 3kg of wet beans can yield up to 1 kg of dried beans.

ഇവിടെ പുഞ്ച കൃഷി സാധ്യമാകണമെങ്കിൽ ജലസേചന പദ്ധതികൾ നടപ്പിൽ വരേണ്ടതുണ്ട്. നിലവിൽ കാർഷിക ആവശ്യങ്ങൾക്കായി തോടുകളും നീർച്ചാലുകളും ഉണ്ടെങ്കിലും അവയൊന്നും ഭിത്തികെട്ടി സംരക്ഷിക്കപ്പെടുന്ന സ്ഥിതിയിലല്ല ഉള്ളത്. എന്നിരുന്നാലും കാലവർഷത്തിന് മുന്നേ തന്നെ തോടുകളും ചാലുകളും സമയബന്ധിതമായി വൃത്തിയാക്കിയിടാൻ അധികൃതരുടെ ഭാഗത്ത് നിന്നും ശ്രദ്ധയുണ്ടാകുന്നുണ്ട്. കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി പട്ടാഴി വടക്കേക്കര പഞ്ചായത്തിൽ ജലം എത്തുന്നില്ലെന്നും പ്രാദേശിക അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇത് പരിഹരിക്കപ്പെടേണ്ടതുണ്ട്.




## പട്ടാഴി വടക്കേക്കരയിലെ നെൽകൃഷിയുടെ വിസ്തൃതി സീസൺ ക്രമത്തിൽ (2015-16 മുതൽ 2023-24 വരെ)

മുണ്ടകൻ സീസണിലാണ് നെല്ല് കൂടുതലായി കൃഷി ചെയ്തിട്ടുള്ളത്. അനുകൂലമായ കാലാവസ്ഥയാണ് ഈ സീസണിലുള്ളത്. 2016-17 കാർഷിക വർഷം 17.81 ഏക്കറും 2020-21 കാർഷിക വർഷം 18.01 ഏക്കറും ഉണ്ടായിരുന്ന നെൽകൃഷിയുടെ വിസ്തൃതി മറ്റ് വർഷങ്ങളിൽ ശരാശരി ഏഴ് എട്ട് ഏക്കറിലേയ്ക്ക് ചുരുങ്ങുകയും 2023-24 ആകുമ്പോഴേയ്ക്കും 3.30 ഏക്കർ ആയി വീണ്ടും കുറയുകയും ചെയ്തിട്ടുണ്ട്.




## പട്ടാഴി വടക്കേക്കര പഞ്ചായത്തിന്റെ നിലം ഭൂമി മൊത്തമായി എന്യൂമറേറ്റ് ചെയ്തതിന്റെ സംഗ്രഹം

പട്ടാഴി വടക്കേക്കര പഞ്ചായത്തിന്റെ നിലം ഭൂമിയുടെ വിനിയോഗ സംഗ്രഹം 2023-24 കാർഷിക വർഷം അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത്. നിലവിൽ നെൽകൃഷി ചെയ്യുന്ന സ്ഥലം, തരിശ്, കെട്ടിടങ്ങൾ, മറ്റ് കാർഷികേതര ഉപയോഗം, മറ്റുള്ള വിളകൾ എന്നിങ്ങനെയാണ് ഡാറ്റ ശേഖരിച്ചിട്ടുള്ളത്. മരച്ചീനി, പച്ചക്കറികളും കിഴങ്ങുവർഗ്ഗങ്ങളും ഏത്തവാഴയും മറ്റുവാഴയും മറ്റ് വാർഷിക ദീർഘകാല വിളകൾ എന്നിങ്ങനെയാണ് മറ്റുള്ള വിളകളെ വിഭജിച്ചിട്ടുള്ളത്. നെൽകൃഷി ചെയ്യാൻ സാധിക്കുന്ന പരമാവധി വിസ്തൃതി കണക്കാക്കുക എന്നതാണ് ഈ വിഭജനത്തിന്റെ ഉദ്ദേശ്യം.

തരിശായി കണ്ടെത്തിയ സ്ഥലങ്ങളെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. ഒരു വർഷമായി തരിശായിട്ടുള്ളവ, ഒരു വർഷത്തിനും രണ്ട് വർഷത്തിനും ഇടയിൽ തരിശായി കിടക്കുന്നവ, രണ്ട് വർഷത്തിന് മേൽ തരിശായിട്ടുള്ളവ എന്നിങ്ങനെയാണ് തരംതിരിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ചവയിൽ ഒന്നും രണ്ടും വിഭാഗത്തിൽ ഉൾപ്പെട്ട തരിശ് ഭൂമി പൂർണ്ണമായും നെല്ല് കൃഷിക്ക് ഉതകുന്ന ഭൂമിയായി പരിഗണിച്ചിട്ടുണ്ട്. എന്നാൽ രണ്ട് വർഷത്തിലേറെയായി തരിശായി കണ്ടെത്തിയിട്ടുള്ള ഭൂവിഭാഗത്തിന്റെ ഇപ്പോഴത്തെ സ്ഥിതി കൂടി കണക്കിലെടുത്താണ് നെല്ലിന് അനുയോജ്യമായ തരിശ് ആയി ഉൾപ്പെടുത്തിയിട്ടുള്ളത്.

| ആകെ നിലം വിസ്തൃതി (സെന്റ്) | നെല്ല് | തരിശ് | മരച്ചീനി | പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ | ഏത്തവാഴ, മറ്റ് വാഴ | കെട്ടിടവും പരിസരവും | മറ്റ് കാർഷികേതര ഉപയോഗം | മറ്റ് വിള |
|---|---|---|---|---|---|---|---|---|
| 42583 | 798 | 8376 | 1216 | 913 | 9166 | 189 | 209 | 21716 |

മണ്ണിട്ട് ഉയർത്തിയ തരിശ് ഭാഗങ്ങളേയും ജലസേചന സൗകര്യം ലഭ്യമാക്കാൻ ഒരു കാരണവശാലും കഴിയാതെ വരുന്ന സ്ഥലങ്ങളേയും ഒഴിവാക്കിയിട്ടുണ്ട്. ദീർഘകാല വിളകളുടെ ഇടയിലായി കാണപ്പെടുന്നതും റബ്ബർ പോലുള്ള മരങ്ങൾ മുറിക്കുമ്പോൾ ഉണ്ടാകുന്നതുമായ തരിശിനെ പരിഗണിച്ചിട്ടില്ല..

മറ്റ് വിളകളിലേയ്ക്ക് മാറ്റപ്പെട്ട ഭൂമിയിലുള്ള മരച്ചീനി, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ വിസ്തൃതി ആവശ്യമെങ്കിൽ നെൽകൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. എന്നിരുന്നാലും നെൽകൃഷിക്ക് അനുയോജ്യമായ വിസ്തൃതിയിൽ ഇത് ഉൾക്കൊള്ളിച്ചിട്ടില്ല. തരിശ് നിലം, നെൽകൃഷിക്കായി പരിഗണിക്കുമ്പോൾ ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ തുക ഇതിനായി മാറ്റി വയ്ക്കേണ്ടി വരും. പട്ടാഴി വടക്കേക്കര പഞ്ചായത്തിന്റെ നിലം ഭൂമിയുടെ 21.5 ശതമാനവും വാഴ കൃഷിയാണ്. ഏത്തവാഴയാണ് കൂടുതലും. ഇത്തരത്തിലുള്ള ഭൂമി നെല്ലിന് അനുയോജ്യമാക്കി എടുക്കുന്നതിന് വലിയ ചെലവ് വേണ്ടിവരുമെന്നുള്ളതിനാൽ ഈ

വിസ്തൃതിയും പരിഗണിച്ചിട്ടില്ല. ഈ പഞ്ചായത്തിൽ വാഴ ഒഴിച്ചുള്ള വാർഷിക വിളകളും മറ്റ് ദീർഘകാല വിളകളും കൂടി 51 ശതമാനം വിസ്തൃതിയുണ്ട്.

മറ്റ് കാർഷികേതര ഉപയോഗം, കെട്ടിടങ്ങൾ എന്നിവ ആകെ നിലം ഭൂമിയുടെ ഒരു ശതമാനത്തിൽ താഴെ മാത്രമേയുള്ളൂ. നിലം ഭൂമി വീടിനും മറ്റ് കെട്ടിടങ്ങൾക്കുമായി ഉപയോഗിക്കുന്നത് വ്യാപകമാണെങ്കിലും ഈ പഞ്ചായത്തിൽ 189 സെൻറ് മാത്രമാണ് ഈ ഗണത്തിലുള്ളത്. ഒരു ഏക്കറോളം വരുന്ന കശുവണ്ടി ഫാക്ടറിയും 20 സെൻറ് വരുന്ന അമ്പലവും ഇതിൽ ഉൾപ്പെടുന്നുണ്ട്.



## എന്യൂമറേഷൻ വിസ്തൃതി ഇനം തിരിച്ച് (ശതമാനം)

| ഇനം | വിസ്തൃതി (സെന്റിൽ) | ശതമാനം |
|---|---|---|
| നെല്ല് | 798 | 1.9 |
| തരിശ് | 8376 | 19.7 |
| മരച്ചീനി | 1216 | 2.9 |
| പച്ചക്കറിയും കിഴങ്ങ് വർഗ്ഗങ്ങളും | 913 | 2.1 |
| ഏത്തവാഴയും മറ്റ് വാഴയും | 9166 | 21.5 |
| കെട്ടിടവും പരിസരവും | 189 | 0.4 |
| മറ്റ് കാർഷികേതര ഉപയോഗം | 209 | 0.5 |
| മറ്റ് വിളകൾ | 21716 | 51 |




ഡാറ്റ പ്രകാരം ഈ കാർഷിക വർഷം പട്ടാഴി വടക്കേക്കര പഞ്ചായത്തിൽ നെല്ല് കൃഷി ചെയ്ത വിസ്തൃതി 1.9 ശതമാനവും തരിശ് 19.7 ശതമാനവും മരച്ചീനി 2.9 ശതമാനവും പച്ചക്കറിയും കിഴങ്ങ് വർഗ്ഗവും 2.1 ശതമാനവും ഏത്തവാഴയും മറ്റുവാഴയും 21.5 ശതമാനവും കെട്ടിടങ്ങൾ .4 ശതമാനവും മറ്റ് കാർഷികേതര ഉപയോഗം .5 ശതമാനവും ശേഷിക്കുന്ന മറ്റ് വിളകൾ 51.0 ശതമാനവും ആണ്. ഇതിൽ തരിശ് നിലത്തിന്റെ മാത്രം വിസ്തൃതി ചുവടെ ചേർക്കും പ്രകാരമാണ്

| ഇനം | വിസ്തൃതി (സെന്റിൽ) |
|---|---|
| തരിശ് (1 വർഷം) | 104 |
| തരിശ് (2 വർഷം) | 385 |
| തരിശ് (2 വർഷത്തിന് മേൽ) | 7887 |
| ആകെ വിസ്തൃതി | 8376 |

തരിശ് നിലത്തിന്റെ വിസ്തൃതി ആകെ വിസ്തൃതിയുടെ 19.66 ശതമാനം ആണ്. ഒരു വർഷത്തിൽ താഴെ തരിശായി കിടക്കുന്ന നിലംഭൂമിയുടെ വിസ്തൃതി 0.24 ശതമാനവും ഒന്ന് മുതൽ രണ്ട് വർഷം വരെ തരിശ് ആയിട്ടുള്ളത് 0.90 ശതമാനവും രണ്ട് വർഷത്തിന് മേൽ തരിശ് ആയിട്ടുള്ളത് 18.5 ശതമാനവുമാണ്.





## പട്ടാഴി വടക്കേക്കര പഞ്ചായത്തിൽ 2023-24 കാർഷിക വർഷം തരിശായ നിലംഭൂമിയിൽ നെൽകൃഷിയ്ക്കായി പ്രയോജനപ്പെടുത്താവുന്ന വിസ്തൃതി (സെന്റിൽ)

| ക്രമ നമ്പർ | സർവ്വേ നമ്പർ | വിസ്തൃതി | നെൽകൃഷി ഉള്ളത് (സെന്റിൽ) | തരിശ് | | |
|---|---|---|---|---|---|---|
| | | | | 1 വർഷം | 2 വർഷം | 2 വർഷത്തിൽ കൂടുതൽ |
| 1 | 2170 | 108 | | 18 | 15 | |
| 2 | 2169 | 189 | 50 | 24 | 20 | |
| 3 | 2168 | 177 | 30 | | 60 | 17 |
| 4 | 2167 | 77 | 69 | 7 | | |
| 5 | 2141 | 145 | 90 | | 17 | |
| 6 | 2138 | 237 | 35 | | 70 | 15 |
| 7 | 2140 | 237 | | | | 90 |
| 8 | 2139 | 130 | | | | 25 |
| 9 | 2077 | 178 | | | | 126 |
| 10 | 2078 | 290 | | | | 238 |
| 11 | 2079 | 126 | | | | 98 |
| 12 | 2171 | 190 | | | | 135 |
| 13 | 2174 | 172 | | | | 155 |
| 14 | 2210 | 184 | | | | 60 |
| 15 | 2207 | 173 | | | | 123 |
| 16 | 2979 | 138 | | | 34 | |
| 17 | 2987 | 184 | | | 40 | |
| 18 | 2971 | 151 | | | 35 | 5 |
| 19 | 2325 | 144 | | | | 65 |
| 20 | 2365 | 215 | | | | 115 |
| 21 | 2366 | 213 | | | | 163 |
| 22 | 2488 | 144 | | | | 96 |
| 23 | 2489 | 99 | | | | 92 |
| 24 | 2487 | 229 | | | | 208 |
| 25 | 2484 | 216 | | | | 200 |
| 26 | 2483 | 75 | | | | 65 |
| 27 | 2482 | 227 | | | | 206 |
| 28 | 2481 | 151 | 12 | | | 116 |
| 29 | 2549 | 207 | | | 30 | |
| 30 | 2290 | 193 | | | | 27 |
| 31 | 2291 | 52 | | | | 36 |
| 32 | 2408 | 142 | | | | 12 |
| 33 | 2294 | 96 | | | | 35 |
| 34 | 1690 | 223 | 188 | | 28 | |
| 35 | 1691 | 123 | 98 | | 24 | |

| ക്രമ നമ്പർ | സർവ്വേ നമ്പർ | വിസ്തൃതി | നെൽകൃഷി ഉള്ളത് (സെന്റിൽ) | തരിശ് | | |
|---|---|---|---|---|---|---|
| | | | | 1 വർഷം | 2 വർഷം | 2 വർഷത്തിൽ കൂടുതൽ |
| 36 | 1688 | 110 | 108 | | | |
| 37 | 1689 | 129 | 35 | | | 90 |
| 38 | 1671 | 147 | | | | 60 |
| 39 | 1699 | 161 | 35 | | 12 | 35 |
| 40 | 1702 | 194 | 48 | 55 | | |
| 41 | 1684 | 174 | | | | 114 |
| 42 | 1767 | 264 | | | | 160 |
| 43 | 1854 | 220 | | | | 70 |
| 44 | 1860 | 99 | | | | 30 |
| 45 | 1998 | 215 | | | | 205 |
| 46 | 1997 | 227 | | | | 217 |
| 47 | 1995 | 187 | | | | 140 |
| 48 | 2182 | 120 | | | | 32 |
| 49 | 2323 | 140 | | | | 80 |
| 50 | 2322 | 205 | | | | 18 |
| 51 | 2672 | 30 | | | | 27 |
| 52 | 2837 | 160 | | | | 30 |
| 53 | 2836 | 147 | | | | 77 |
| 54 | 2832 | 232 | | | | 35 |
| 55 | 2827 | 169 | | | | 157 |
| 56 | 2826 | 215 | | | | 186 |
| 57 | 2811 | 193 | | | | 173 |
| 58 | 2814 | 233 | | | | 37 |
| 59 | 2817 | 313 | | | | 95 |
| 60 | 2802 | 227 | | | | 90 |
| 61 | 2801 | 247 | | | | 85 |
| 62 | 2800 | 184 | | | | 80 |
| 63 | 2819 | 193 | | | | 45 |
| 64 | 2914 | 115 | | | | 42 |
| 65 | 2909 | 81 | | | | 60 |
| 66 | 2908 | 114 | | | | 29 |
| 67 | 2907 | 226 | | | | 204 |
| 68 | 2906 | 157 | | | | 125 |
| 69 | 2901 | 261 | | | | 235 |
| 70 | 2900 | 178 | | | | 158 |
| 71 | 2622 | 109 | | | | 64 |
| 72 | 2602 | 213 | | | | 130 |
| 73 | 2631 | 162 | | | | 75 |
| ആകെ | | 12586 | 798 | 104 | 385 | 6013 |

### സംഗ്രഹം- നിഗമനം

ചുരുക്കത്തിൽ പഞ്ചായത്തിലെ നെല്ലിന് അനുയോജ്യമായ വിസ്തൃതി രണ്ട് തരത്തിൽ വിഭജിക്കേണ്ടതുണ്ട്. ഒന്ന് അധികം ചെലവില്ലാതെ കൃഷി ചെയ്യാവുന്നത്. രണ്ട് അത്യാവശ്യമെങ്കിൽ നെൽകൃഷി ചെയ്യാൻ കഴിയുന്ന വിസ്തൃതി. ഇപ്രകാരം നെൽകൃഷി ചെയ്യുമ്പോൾ നല്ല സാമ്പത്തിക ചെലവ് വരുമെന്നതാണ് വിഷയം.

നെല്ലിന്റെ നിലവിലുള്ള വിസ്തൃതിയും രണ്ട് വർഷത്തിൽ താഴെ തരിശ് ആയിട്ടുള്ള ഭൂമിയും ചേർത്ത് 1287 സെൻറ് നെൽകൃഷിക്ക് ഉപയോഗിക്കാവുന്ന സ്ഥലമാണ്. രണ്ട് വർഷത്തിന് മേൽ തരിശായി കിടക്കുന്ന നിലംഭൂമിയിലെ ജല ലഭ്യതയും മറ്റുള്ള ഭൗതിക ഘടകങ്ങളും പരിഗണിക്കുമ്പോൾ 6013 സെൻറ് സ്ഥലം കൂടി നെല്ലിനായി ഉപയോഗിക്കാവുന്നതാണ്. പട്ടാഴി വടക്കേക്കര പഞ്ചായത്തിൽ നെൽകൃഷിക്കായി പരിഗണിക്കാവുന്ന ആകെ വിസ്തൃതി 7300 സെൻറ് ആണ്. ഇത് ആകെ നിലം ഭൂമിയുടെ 17 ശതമാനം ആണ്.

സാമ്പത്തികച്ചെലവ് പരിഗണിക്കാത്ത പക്ഷം, ശേഷിക്കുന്ന തരിശ് ഭൂമിയും മരച്ചീനി, പച്ചക്കറികൾ, വാഴ എന്നിവ ഉൾപ്പെടുന്ന വിസ്തൃതി കൂടി നെൽകൃഷിക്കായി പരിഗണിക്കാവുന്നതാണ്. അതായത് ഇത്തരത്തിൽ 30.9 ശതമാനം വിസ്തൃതി ഈ പഞ്ചായത്തിലുണ്ട്. നിലവിലെ നെൽക്കൃഷി തന്നെ വല്ലാത്ത പ്രതിസന്ധിയിലൂടെ കടന്ന് പോകുന്ന ഈ കാലഘട്ടത്തിൽ പരാമർശ വിസ്തൃതി എത്രത്തോളം നെൽ കൃഷിക്ക് പരിഗണിക്കാൻ കഴിയുമെന്നത് ഒരു ചോദ്യമായി അവശേഷിക്കും.



# ആലപ്പുഴ ജില്ലയിലെ വെള്ളക്കെട്ട് നിവാരണ പദ്ധതികൾ

ജോസ് സിവിജൻ എ.ജെ.
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II

കേരളത്തിലെ മറ്റ് ജില്ലകളിൽ നിന്ന് ഭൂപ്രകൃതികൊണ്ട് വ്യത്യസ്തമായ ജില്ലയാണ് ആലപ്പുഴ. കടലും, കായലും, കനാലും, ആറുകളും, ഇടതോടുകളും കൊണ്ട് സമ്പുഷ്ടമായ ജില്ല. ദൈർഘ്യമേറിയ തീര പ്രദേശവും സമുദ്ര നിരപ്പിനേക്കാൾ താഴ്ന്ന പ്രദേശവും ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. ഇതൊക്കെയാണെങ്കിലും ഒരേ സമയം വെള്ളപ്പൊക്കവും ശുദ്ധജല ദൗർലഭ്യവും മൂലം ഇവിടുത്തെ ജനങ്ങൾ കഷ്ടപെടുകയാണ്. വേലിയേറ്റവും വേലിയിറക്കവും വരെ കാര്യമായി ബാധിക്കുന്നുണ്ട്.
വെള്ളക്കെട്ടിൽ നിന്ന് ജനങ്ങളെയും കൃഷിയെയും സംരക്ഷിക്കുന്നതിനായി മണ്ണ് സംരക്ഷണ വകുപ്പ് വെള്ളക്കെട്ട് നിവാരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കുറഞ്ഞ സ്ഥലത്ത് ചെറിയ കാലയളവിൽ വലിയ മഴ ലഭിക്കുന്നത് പലപ്പോഴും ഈ പ്രദേശങ്ങളെ പ്രതിസന്ധിയിലാക്കാറുണ്ട്. പണ്ട് കാലങ്ങളിൽ എല്ലാ വർഷവും പൊതു ജനങ്ങളുടെ സഹകരണത്തോടെ ചെറുതോടുകളിലും കനാലുകളിലും അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്ത് വൃത്തിയാക്കുകവഴി, നീരൊഴുക്ക് സുഗമമായി നടന്ന് വെള്ളക്കെട്ട് എന്ന പ്രതിഭാസം ഉണ്ടാകുമായിരുന്നില്ല. എന്നാൽ പിന്നീട് സാമ്പത്തിക പ്രതിസന്ധിയും ഉയർന്ന കൂലിയും മൂലം പൊതുജനങ്ങളുടെ വൃത്തിയാക്കൽ നിലച്ചു. വികസനത്തിന്റെ പേരിൽ പല തോടുകളും നികത്തുകയും കാലാകാലങ്ങളിൽ തോടുകളിലും കനാലുകളിലും അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്യാത്തതും മതിൽകെട്ടുകൾ നീരൊഴുക്കിനെ തടസപ്പെടുത്തിയതും മൂലം വെള്ളക്കെട്ടുകൾ രൂപപ്പെടാൻ തുടങ്ങി. ഇതിന് പരിഹാരമായിട്ടാണ് മണ്ണ് സംരക്ഷണ വകുപ്പ് മുഖേന വെള്ളക്കെട്ട് നിവാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. തോടുകളിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്ത് ആഴംകൂട്ടി ഇരുവശങ്ങളിലും പാർശ്വഭിത്തി നിർമ്മിച്ചു. നീരൊഴുക്ക് സുഗമമാക്കുകയും വെള്ളം കര കവിഞ്ഞ് ഒഴുകുന്നത് തടയുകയും ചെയ്യുന്നു.



## മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ മൂന്ന് വെള്ളക്കെട്ട് നിവാരണ പദ്ധതികൾ

1) 2018 19 പള്ളിപ്പുറം തൈക്കാട്ടുശ്ശേരി വെള്ളക്കെട്ട് നിവാരണ പദ്ധതി 1, 2 ഘട്ടം
2) 202021 കോടംതുരുത്ത് വെള്ളക്കെട്ട് നിവാരണ പദ്ധതി
3) 202122 ചെന്നിത്തല- തൃപ്പെരുംതുറ ബ്ലോക്ക് 10 പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി

### 1. പള്ളിപ്പുറം തൈക്കാട്ടുശ്ശേരി വെള്ളക്കട്ട് നിവാരണ പദ്ധതി



ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ തൈക്കാട്ടുശ്ശേരി ബ്ലോക്കിൽപ്പെട്ട പള്ളിപ്പുറം, തൈക്കാട്ടുശ്ശേരി എന്നീ പഞ്ചായത്തുകളിലായി 2,75,95,672/രൂപ ചെലവിൽ 2 ഘട്ടങ്ങളിലായി പദ്ധതി നടപ്പിലാക്കി. പദ്ധതി പ്രദേശത്തിന്റെ ആകെ വിസ്തൃതി 558 ഹെക്ടർ ആണ്. 138 കുടംബങ്ങളാണ് പദ്ധതി പ്രദേശത്ത് ഉള്ളത്. അശാസ്ത്രീയമായ രീതിയിലുള്ള കൃഷി രീതികളും മണ്ണൊലിപ്പും മുണ്ടകൻ, പുഞ്ച കാലങ്ങളിലെ വെള്ളത്തിന്റെ ദൗർലഭ്യവും മൂലം ജനങ്ങൾ കൃഷിയിൽ നിന്നും പിൻമാറികൊണ്ടിരിക്കുന്നു. 2012-ൽ ആരംഭിച്ച പദ്ധതി 2016 ൽ ആണ് പൂർത്തീകരിച്ചത്.

### 2. കോടംതുരുത്ത് വെള്ളക്കെട്ട് നിവാരണ പദ്ധതി 2020-21

ചേർത്തല താലൂക്കിലെ പട്ടണക്കാട് ബ്ലോക്കിൽപ്പെട്ട കോടംതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 1-ാം വാർഡിലാണ് ഈ പദ്ധതി പ്രധാനമായും നടപ്പിലാക്കിയത്. ഒരു നെല്ലും ഒരു മീനും പദ്ധതി ഇവിടുത്തെ പാടങ്ങളിൽ നടപ്പിലാക്കി വരുന്നു. അതുകൊണ്ട് തന്നെ നെൽകൃഷിയെക്കാൾ ചെമ്മീൻ കൃഷിക്കാണ് പ്രാധാന്യം നൽകുന്നത്. അശാസ്ത്രീയമായ രീതിയിൽ അന്ധകാരനഴി പൊഴി മുറിക്കുന്നത് മൂലം ഉപ്പ് വെള്ളം കയറി നെൽകൃഷി നശിക്കുന്നത് ഇവിടെ പതിവാണ്. 1.5 കോടി രൂപ ചെലവിൽ 250 ഹെക്ടർ പ്രദേശത്താണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി പ്രദേശത്ത് ആകെ 472 കുടുംബങ്ങളാണ് പദ്ധതി പ്രദേശത്ത് താമസിക്കുന്നത്.



### 3. ചെന്നിത്തല തൃപ്പെരുംതുറ ബ്ലോക്ക് 10 പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി



മാവേലിക്കര താലൂക്കിലെ മാവേലിക്കര ബ്ലോക്കിലെ ചെന്നിത്തല-തൃപ്പെരുംതുറ ഗ്രാമപഞ്ചായത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 65 ഏക്കർ പുഞ്ച പാടത്തെ നെൽകൃഷി സംരക്ഷിക്കുന്നതിനായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അച്ചൻകോവിലാറിലും അനുബന്ധ കൈവഴി തോടുകളിലും എക്കൽ അടിഞ്ഞതും ഹരിപ്പാട്-ഇലഞ്ഞിമേൽ റോഡ് പുനർനിർമ്മാണത്തോടനുബന്ധിച്ച് കല്ലുങ്കുകൾ അടച്ചതും ചില കൈതോടുകൾ സ്വകാര്യ വ്യക്തികൾ അടച്ചുകളഞ്ഞതും ഈ പ്രദേശത്തെ വെള്ളക്കെട്ടിന് കാരണമായി. 158 ഹെക്ടറാണ് പദ്ധതി പ്രദേശത്തിന്റെ വിസ്തൃതി. ആകെ 426 കുടുംബങ്ങളാണ് പദ്ധതി പ്രദേശത്തുള്ളത് 6 മാസത്തോളം നീണ്ടുനിൽക്കുന്ന വെള്ളക്കെട്ട് മൂലം പദ്ധതി പ്രദേശത്തെ ചില കുടുംബങ്ങൾ വീടുപേക്ഷിച്ച് മറ്റ് സ്ഥലങ്ങളിലേയ്ക്ക് താമസം മാറിയതായി കാണാൻ കഴിഞ്ഞു.

### പദ്ധതി പ്രദേശത്തിന്റെ വിസ്തൃതിയും ചെലവും

| പദ്ധതിയുടെ പേര് | ഗുണഭോക്തൃ കുടംബങ്ങളുടെ എണ്ണം | ഭൂവിസ്തൃതി (ഹെക്ടർ) | ചെലവ് |
|---|---|---|---|
| പള്ളിപ്പുറം തൈക്കാട്ടുശ്ശേരി വെള്ളക്കെട്ട് നിവാരണ പദ്ധതി | 138 | 558 | 2,75,95,672 |
| കോടംതുരുത്ത് വെള്ളക്കെട്ട് നിവാരണ പദ്ധതി 2020-21 | 472 | 250 | 1,50,00,000 |
| ചെന്നിത്തല തൃപ്പെരുംതുറ ബ്ലോക്ക്-10 പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി | 426 | 158 | 60,00,000 |

### പദ്ധതി ഗുണഭോക്താക്കളുടെ തൊഴിൽ വിവരങ്ങൾ

| പദ്ധതിയുടെ പേര് | കൃഷി | കാർഷി കേതരം | കർഷക തൊഴിലാളി | കാർഷികേതര തൊഴിലാളി | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| പള്ളിപ്പുറം തൈക്കാട്ടുശ്ശേരി വെള്ളക്കെട്ട് നിവാരണ പദ്ധതി | 0 | 81 | 16 | 41 | | 138 |
| കോടംതുരുത്ത് വെള്ളക്കെട്ട് നിവാരണ പദ്ധതി 2020–21 | 23 | 94 | 71 | 235 | 49 | 472 |
| ചെന്നിത്തല തൃപ്പെരുംതുറ ബ്ലോക്ക്–10 പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി | 20 | 86 | 32 | 110 | 178 | 426 |

### ജലസേചന മാർഗ്ഗം

| പദ്ധതിയുടെ പേര് | കിണറുകളുടെ എണ്ണം | കുളം |
|---|---|---|
| പള്ളിപ്പുറം തൈക്കാട്ടുശ്ശേരി വെള്ളക്കെട്ട് നിവാരണ പദ്ധതി | 69 | – |
| കോടംതുരുത്ത് വെള്ളക്കെട്ട് നിവാരണ പദ്ധതി 2020–21 | 20 | – |
| ചെന്നിത്തല തൃപ്പെരുംതുറ ബ്ലോക്ക്–10 പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി | 104 | 6 |

### ഹ്രസ്വകാല വിളകൾ(വിസ്തൃതി – സെന്റിൽ)

| പദ്ധതിയുടെ പേര് | നെല്ല് | മറ്റവാഴ | ഏത്തവാഴ | മരച്ചീനി | പച്ചക്കറികൾ |
|---|---|---|---|---|---|
| പള്ളിപ്പുറം തൈക്കാട്ടുശ്ശേരി വെള്ളക്കെട്ട് നിവാരണ പദ്ധതി | 2520 | 45 | 5 | 4 | 5 |
| കോടംതുരുത്ത് വെള്ളക്കെട്ട് നിവാരണ പദ്ധതി 2020–21 | 26075 | 175 | 1 | 8 | 46 |
| ചെന്നിത്തല തൃപ്പെരുംതുറ ബ്ലോക്ക്–10 പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി | 6500 | 432 | 30 | 91 | 89 |

### ദീർഘകാല വിളകൾ (വിസ്തൃതി – സെന്റിൽ)

| പദ്ധതിയുടെ പേര് | തെങ്ങ് | അടയ്ക്ക | കശുമാവ് | കുരുമുളക് | ജാതി |
|---|---|---|---|---|---|
| പള്ളിപ്പുറം തൈക്കാട്ടുശ്ശേരി വെള്ളക്കെട്ട് നിവാരണ പദ്ധതി | 9264 | 28 | 11 | 102 | 7 |
| കോടംതുരുത്ത് വെള്ളക്കെട്ട് നിവാരണ പദ്ധതി 2020–21 | 1543 | 127 | 3 | 5 | 5 |
| ചെന്നിത്തല തൃപ്പെരുംതുറ ബ്ലോക്ക്–10 പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി | 2436 | 1639 | 55 | 71 | 0 |

### പദ്ധതിയെക്കുറിച്ച് ഗുണഭോക്താക്കളുടെ വിലയിരുത്തൽ(ശതമാനത്തിൽ)

| പദ്ധതിയുടെ പേര് | കാര്യക്ഷമം | സാമാന്യം പ്രയോജനപ്പെട്ടു | പ്രയോജനമില്ല |
|---|---|---|---|
| പള്ളിപ്പുറം തൈക്കാട്ടുശ്ശേരി വെള്ളക്കെട്ട് നിവാരണ പദ്ധതി | 49 | 51 | 0 |
| കോടംതുരുത്ത് വെള്ളക്കെട്ട് നിവാരണ പദ്ധതി 2020–21 | 87 | 13 | 0 |
| ചെന്നിത്തല തൃപ്പെരുംതുറ ബ്ലോക്ക്–10 പാടശേഖരം വെള്ളക്കെട്ട് നിവാരണ പദ്ധതി | 0.7 | 97 | 2.3 |

### നിർദ്ദേശങ്ങൾ

വെള്ളക്കെട്ട് നിവാരണ പദ്ധതികളുടെ യഥാർത്ഥ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കാൻ ഈ പദ്ധതികൾക്കായിട്ടില്ല. പാർശ്വഭിത്തി നിർമ്മാണം നടത്തുമ്പോൾ തോടിന്റെ ഇരുവശത്തും ചെറിയ ഒരു നീളത്തിൽ മാത്രമെ നിർമ്മാണ പ്രവർത്തികൾ നടത്തിയിട്ടുള്ളു. പാർശ്വഭിത്തി നിർമ്മിക്കാത്ത ഇടങ്ങളിലൂടെ വെള്ളം കയറുന്നതുമൂലം കൃഷി നശിക്കുകയും ടി പ്രദേശത്തെ ജനങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുകയും ചെയ്യേണ്ടിവരുന്നു. പാർശ്വഭിത്തി നിർമ്മിക്കുന്നത്, മണ്ണിന്റെ നിരപ്പിനൊപ്പമായതിനാൽ വെള്ളം കര കവിഞ്ഞൊഴുകുന്നതിന് കാരണമാകുന്നു. മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അറ്റകുറ്റ പണികൾ നടത്തേണ്ടത് ഗ്രാമപഞ്ചായത്തുകൾ ആണെങ്കിലും കാര്യമായ ശ്രദ്ധ നൽകാതെ ഇവ നശിച്ചുപോകുന്നു. ഗ്രാമപഞ്ചായത്തുകൾ പദ്ധതി തുക വകയിരുത്തമ്പോൾ മണ്ണുസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ അറ്റകുറ്റ പണികൾക്ക് വേണ്ടി തുക മാറ്റിവെയ്ക്കുന്നത് ഉചിതമായിരിക്കും.

# കോൾപാടങ്ങളും കാർഷിക വർഷവും



സൈജോ ചാലിശ്ശേരി
അഡീഷണൽ ജില്ലാ ഓഫീസർ (ടിആർഎസ്)
തൃശൂർ

കോൾ നിലങ്ങളുടെ മൊത്തം സാമ്പത്തിക മൂല്യം തിട്ടപ്പെടുത്തുന്ന പഠനം കേരള കാർഷിക സർവ്വകലാശാല നടത്തിയിരുന്നു. ഇതിൻ പ്രകാരം കോൾ പ്രദേശത്തിന്റെ മൊത്തം സാമ്പത്തിക മൂല്യം പ്രതിവർഷം ഏതാണ്ട് 39,053 ലക്ഷം രൂപയാണ്. (2021 വിലനിലവാരത്തിൽ). കോൾ നിലങ്ങളിൽ നിന്നുള്ള ഉൽപാദന-സേവന പ്രക്രിയകളിലൂടെ മാത്രം (നെല്ല്, മത്സ്യം, താറാവ്, താമര, വിനോദസഞ്ചാരം) 14,842 ലക്ഷം രൂപ പ്രതിവർഷം ലഭ്യമാകുന്നു.

പരോക്ഷ സേവനങ്ങളായ വെള്ളപൊക്ക നിയന്ത്രണം ഭൂഗർഭജല പോഷണം, കാർബൺ ദൃഢീകരണം എന്നിവയിലൂടെ 23,408 ലക്ഷം രൂപക്ക് തുല്യമായ സേവനം സമൂഹത്തിന് ലഭിക്കുന്നു. ഉഷ്ണമേഖലാ വനങ്ങളേക്കാൾ ഏറെ മൂല്യവത്താണ് തണ്ണീർതടങ്ങൾ എന്ന അറിവ് അവയെ തരിശുഭൂമിയായി പരിഗണിക്കപ്പെടാതിരിക്കാൻ പ്രേരകമാകുന്നു.

എന്നാൽ കാർഷിക പ്രവൃത്തിയിലൂടെ സമൂഹം സ്വീകരിക്കുന്ന ഈ സേവനങ്ങൾക്ക് മതിയായ പ്രതിഫലം നമ്മുടെ കർഷകർക്ക് ലഭിക്കുന്നുണ്ടോ ?

പരിസ്ഥിതി സേവനങ്ങൾക്ക് വിലനൽകികൊണ്ട് പ്രകൃതി വിഭവ സംരക്ഷണം നടപ്പിലാക്കിവരുന്ന ഒട്ടനവധി ഉദാഹരണങ്ങൾ കാർഷികേതര രംഗങ്ങളിലുണ്ട്. പ്രകൃതി വിഭവങ്ങളും സേവനങ്ങളും പരിമിതപ്പെട്ടുകൊണ്ടിരിക്കുകയും ആവശ്യം വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ സ്വാഭാവികമായും ഈ സേവനങ്ങൾ ഒരു കമ്പോള വ്യവസ്ഥയുടെ ഭാഗമാവുന്നു. അതായത് സൗജന്യമായി ലഭിച്ചിരുന്ന സേവനങ്ങൾ വിലകൊടുത്ത് വാങ്ങേണ്ടി വരുന്നു.

ഹെക്ടറിന് 3000 രൂപ എന്ന നിലയിൽ കേരളത്തിലെ നെൽവയൽ ഉടമകൾക്ക് റോയൽറ്റി നൽകുന്ന പദ്ധതി നിലനിൽക്കുന്നുണ്ട്. പ്രകൃതി വിഭവങ്ങളുടേയും സേവനങ്ങളുടേയും യഥാർത്ഥ സാമ്പത്തിക മൂല്യം അവയുടെ സംരക്ഷകർക്ക് നൽകി കൊണ്ട് വിഭവ സംരക്ഷണത്തിന് പ്രേരിപ്പിക്കുക എന്ന രീതിയാണ് നമ്മുടെ രാജ്യത്ത് നടപ്പിലാക്കേണ്ടത്. നെല്ലുല്പാദന മേഖല എന്ന നിലയിൽ കോൾ പാടങ്ങൾ കേരളത്തിന്റെ ഭക്ഷ്യസുരക്ഷയിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. നമ്മുടെ പ്രതിവർഷ നെല്ലുല്പാദനത്തിന്റെ ഏതാണ്ട് 20 ശതമാനം ഈ പ്രദേശത്തുനിന്നാണ്. കൂടാതെ ഒരു നെല്ലും ഒരു മീനും എന്ന രീതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യം, കോൾ ബണ്ടുകളിലും

ചില പാടശേഖരങ്ങളിലും, ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ, കോൾ പാടങ്ങളിലും കനാലുകളിലും സ്വാഭാവികമായി കാണപ്പെടുന്ന ചെറു മത്സ്യങ്ങൾ, ഞണ്ട്, ഞവണ്ടി എന്നിവ കോൾ ബണ്ടുകളിൽ കൃഷി ചെയ്തുവരുന്ന തെങ്ങുകളിൽ നിന്നുള്ള നാളികേരം എന്നിവയെല്ലാം തന്നെ ഭക്ഷണമായി ദൈനംദിന ജീവിതത്തിൽ ഉൾപ്പെടുന്നുണ്ടല്ലോ ?

കോൾ ഉല്പാദനവുമായി ബന്ധപ്പെട്ടുള്ള തൊഴിലാളികൾ, യന്ത്രങ്ങൾ, രാസവസ്തു, കീടനാശിനി വിൽപനക്കാർ, വ്യാപാരികൾ, സംസ്കരണ രംഗത്തുള്ളവർ എന്നിവരുൾപ്പെടുന്ന വളരെ ബൃഹത്തായ ഒരു സാമ്പത്തിക ക്രമം നിലനിൽക്കുന്നുണ്ട്. കോൾ നെൽ കൃഷിയുടെ അവിഭാജ്യഭാഗമായ താറാവ് കൃഷിയെകുറിച്ചും പറയേണ്ടതുണ്ട്. വിളവെടുപ്പിന് ശേഷമുള്ള സമയത്ത് കോൾ പാടങ്ങളിലെ സാധാരണ കാഴ്ചയാണല്ലോ താറാവിൻ കൂട്ടങ്ങൾ. പ്രകൃതിയിലെ പാരസ്പര്യത്തിന്റെ ഏറ്റവും പ്രകടമായ കാഴ്ചയാണ് താറാവും നെൽകൃഷിയും തമ്മിലുള്ള ബന്ധം. കോൾ പാടങ്ങളിലെ വീണ് പോയ നെല്ല് മാത്രമല്ല, ദോഷകരമായ കൃമികീടങ്ങളേയും കളവിത്തുകളേയും ഭക്ഷണമാക്കുന്നതിലൂടെ കള-കീടനിയന്ത്രണത്തിന് സഹായകമാകുന്ന സാഹചര്യം സൃഷ്ടിക്കുന്നു. ഇത് ആ പ്രദേശത്തെ പോത്ത്, പശു മുതലായ കന്നുകാലി വളർത്തലിനും ആധാരമാകുന്നുണ്ട്. പുല്ല്, വൈക്കോൽ, തവിട് എന്നീ പരമ്പരാഗത ഭക്ഷണ സ്രോതസ്സ് എന്ന നിലയിലും പോത്ത് മുതലായ മൃഗങ്ങൾക്ക് അനുയോജ്യമായ ആവാസവ്യവസ്ഥ എന്ന നിലയിലും കോൾ പാടങ്ങൾ ഉദ്പാദന രംഗത്തിന് മുതൽകൂട്ടാവുന്നു.

നാടൻ മൽസ്യസമ്പത്തിന്റെ കാര്യത്തിൽ ഏറെ സമ്പന്നമായിരുന്നു കോൾപ്രദേശം, ഏതാണ്ട് 21 ഇനം നാടൻ മത്സ്യങ്ങൾ ഇപ്പോഴും ഈ പ്രദേശത്തുള്ളതായി പഠനങ്ങൾ തെളിയിക്കുന്നു. ഒരു നെല്ലും ഒരു മീനും പദ്ധതിയിൽ മത്സ്യകൃഷി ആരംഭിച്ചതോടെ ഉൽപ്പാദനം വർധിച്ചെങ്കിലും മത്സ്യസമ്പത്തിന്റെ വൈവിധ്യം ശോഷിക്കുന്നതായി അനുഭവപ്പെടുന്നുണ്ട്.

പരമ്പരാഗത ആരോഗ്യ ചികിത്സാ രീതികളുടേയും ഗൃഹായുർവേദത്തിന്റേയും അടിസ്ഥാനമായ ഔഷധ സസ്യങ്ങളുടേയും കലവറ കൂടിയാണീ പ്രദേശം. കോൾ മേഖലയിൽ നിന്ന് ഔഷധസസ്യങ്ങൾ വാണിജ്യാടിസ്ഥാനത്തിലുള്ള ഔഷധ ഉല്പാദകർക്കുവേണ്ടി ശേഖരിച്ച് ആദായം നേടുന്നവരും ഉണ്ട്. കൂടാതെ താമര, ചെണ്ടുമല്ലി എന്നീ പുഷ്പകൃഷിയിലൂടേയും വരുമാനം നേടുന്നവരുണ്ട്.

തൃശൂർ, മലപ്പുറം ജില്ലകളുടെ പ്രാന്തപ്രദേശങ്ങൾ വാസയോഗ്യമാക്കുന്നതിൽ കോൾ പ്രദേശം പ്രധാന പങ്ക് വഹിക്കുന്നു. സ്വാഭാവിക ജല നിർഗമന-സംഭരണ സ്ഥലമെന്ന നിലയിൽ ഏതാണ്ട് 6 മാസക്കാലം ജലം സംഭരിച്ചുകൊണ്ട് ജല സംഭരണിയായും വർഷം മുഴുവനും ഭൂഗർഭജല പോഷിണിയായും കോൾ പാടങ്ങൾ നിശബ്ദ സേവനം നൽകുന്നുണ്ട്. പലരും ഇത് തിരിച്ചറിയുന്നില്ല.

2013 കാലഘട്ടത്തിൽ കോൾ നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങളുടെ പ്രാന്ത പ്രദേശങ്ങളിലെ ജല ലഭ്യതയെ സംബന്ധിച്ച ഒരു പഠനം കേരള കാർഷിക സർവ്വ കലാശാല നടത്തുകയുണ്ടായി. സ്വാഭാവിക കോൾ നെൽകൃഷി ചെയ്തിരുന്ന, എന്നാൽ പിന്നീട് നികത്തി തണ്ണീർതടങ്ങളല്ലാതായി തീർന്ന സ്ഥലങ്ങളുടെ പ്രാന്ത പ്രദേശത്ത് 24 ശതമാനം കിണറുകളും വേനലിൽ വറ്റി വരണ്ടപ്പോൾ, തണ്ണീർതട സ്വഭാവം നിലനിർത്തിയ സാഹചര്യങ്ങളിൽ 17 ശതമാനം കിണറുകൾ മാത്രമാണ് വറ്റിപോയത്. തണ്ണീർതടങ്ങൾ രൂപഭേദം വരുത്തിയതിന്റെ പ്രാന്ത പ്രദേശങ്ങളിൽ കൂടുതൽ ആഴത്തിലുള്ള കിണറുകളോ കുഴൽ കിണറുകളോ വേണ്ടി വരുന്നുവെന്നതും വർഷം തോറും ആഴം കൂട്ടേണ്ട സാഹചര്യമുണ്ടാകുന്നുവെന്നതും തദ്ദേശവാസികൾക്ക് ഏതാണ്ട് 58 ശതമാനത്തോളം അധികം പണചെലവുണ്ടാക്കുന്നുണ്ട്. കടുത്ത വേനലിൽ തദ്ദേശ സ്വയംഭരണ സംവിധാനങ്ങളേർപ്പെടുത്തുന്ന ജല വിതരണ സംവിധാനത്തേയോ ജല കമ്പോളങ്ങളെത്തന്നേയോ ആശ്രയിക്കേണ്ടിവരുന്നുണ്ട് ഈ പ്രദേശവാസികൾക്ക്. ജലം വാങ്ങേണ്ടിവരുന്നതിലൂടെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് 42 ശതമാനത്തോളം അധികം ചെലവുണ്ടാകുന്നുണ്ട്. ചെറുകിട പരിമിത കുടുംബങ്ങൾക്ക് ശരാശരി കുടുംബമാസ വരുമാനത്തിന്റെ 6 ശതമാനത്തോളം വരും വെള്ളത്തിനുള്ള ചെലവ്. ജലദൗർലഭ്യം രൂക്ഷമാവുകയും കമ്പോളങ്ങളെ ആശ്രയിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ജല ഉപയാഗം പരിമിതപ്പെടുത്തുന്ന അനാരോഗ്യകരമായ ശീലങ്ങളിലേക്കും ക്രമേണ കുടുംബാംഗങ്ങൾ മാറുന്നു, പ്രത്യേകിച്ചും സ്ത്രീകൾ. ജലദൗർലഭ്യത്തിന്റെ സാഹചര്യങ്ങൾ ശാരീരികമായും മാനസികമായും സാമ്പത്തികമായും ഏൽപ്പിക്കുന്ന ആഘാതങ്ങൾ സ്ത്രീകളെയാണ് ഏറെ ബാധിക്കുകയെന്നത് ഒട്ടനവധി പഠനങ്ങൾ തെളിയിച്ചിട്ടുണ്ടല്ലോ.

തണ്ണീർതടം എന്ന നിലയിൽ കോൾപാടങ്ങൾ നൽകികൊണ്ടിരിക്കുന്ന സേവനങ്ങളിൽ മുഖ്യമായ ഒന്നാണ് ഭൂഗർഭജലസംഭരണമെന്ന് മലപ്പുറം, തൃശൂർ

ജില്ലകളിലെ നിവാസികൾ തിരിച്ചറിഞ്ഞിട്ടുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. നഗരത്തിലെ ജലലഭ്യത ഉറപ്പാക്കുന്നതിൽ കോൾ നിലങ്ങളുടെ പങ്ക് ജനസമൂഹം പൊതുവെ തിരിച്ചറിഞ്ഞിരിക്കുന്നുണ്ട് എന്നത് അടിവരയിടുന്നതാണ് മുംബൈ കകം, 2010 ൽ നടത്തിയ പഠന ഫലങ്ങൾ. അതുകൊണ്ടു തന്നെ കോൾ നിലങ്ങൾ തനതായി നിലനിർത്തുവാൻ സമ്പത്തിക സഹായം നൽകാനും നഗര സമൂഹം തയ്യാറായെന്ന് പഠനം വെളിപ്പെടുത്തുന്നു.

ഏതൊരു കാർഷിക സംസ്കൃതിയിലു മെന്നപോലെ തന്നെ ഇവിടേയും പ്രദേശത്തിന്റെ സംസ്കാരവും ആചാരാനുഷ്ഠാനങ്ങളും കോൾ ആവാസ വ്യവസ്ഥയുമായി നേർബന്ധമുള്ളവയാണ്. കോൾ പ്രദേശത്തെ സാംസ്കാരിക പ്രവർത്തനങ്ങലും സാഹിത്യവും കേന്ദ്രീകരിച്ചുകൊണ്ടുള്ള പഠനങ്ങൾ നടക്കേണ്ടിയിരിക്കുന്നു.



സമ്പന്നമായ ജൈവ വൈവിധ്യത്തിന്റേയും മുഖം കൂടിയാണ് കോൾ തണ്ണീർതടങ്ങൾ. പക്ഷി നിരീക്ഷകരുടെ പറുദീസ എന്ന നിലയിലാണ് കോൾപാടങ്ങൾ അറിയപ്പെടുന്നതു തന്നെ. ദേശാടന പക്ഷികളും ഉൾപ്പെടുന്ന അതിസമ്പന്നമായ ഒരു ജൈവ മേഖലയാണിത്. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 116 ജനുസ്സുകളിലായി 15,335 പക്ഷികൾ ഉള്ളതായിട്ടാണ് റിപ്പോർട്ടുകൾ (Asian Water bird Survey 2023). എന്നാൽ പക്ഷി സമ്പത്തിന്റെ എണ്ണത്തിലും വെവിധ്യത്തിലും ശോഷണം സംഭവിക്കുന്നതായി ആശങ്കയുണ്ട്. കോൾ ആവാസ വ്യവസ്ഥയുടെ നിലനിൽപിനും സന്തുലിതാവസ്ഥക്കും ഭീഷണിയുയർത്തുന്നു ഈ സാഹചര്യം.

സസ്യങ്ങൾ, ജന്തുവർഗ്ഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ, ശലഭങ്ങൾ എന്നിവയുടെ വൈവിധ്യം കൊണ്ട് സമ്പന്നമാണല്ലോ കോൾ നിലങ്ങൾ. അതോടൊപ്പം തന്നെ പഠനവിധേയമാക്കേണ്ടവയാണ് ഈ പ്രദേശങ്ങളിലെ സൂക്ഷ്മ ജീവികളുടെ സമ്പന്നതയും വൈവിധ്യവും.

ശരാശരി 6 മാസകാലത്തോളം ജലാശയ രൂപത്തിലും ഹരിത കമ്പളം പുതച്ച നെൽ പാടങ്ങളായുമുള്ള നയനാഭിരാമമായ കാഴ്ചയാണ് കോൾ മേഖലയിലുള്ളത്. വെള്ളിക്കസവുപോലെ ചുറ്റുമുള്ള കനാലുകൾ ജലപാതയുടെ സാധ്യതകളും നൽകുന്നുണ്ട്. ഈയർത്ഥത്തിൽ കോൾ പാടങ്ങൾ സഞ്ചാരികളുടെ പ്രിയപ്പെട്ട ഇടം തന്നെയാണ്. കേരളത്തിലെ ഏറെ സാധ്യതകളുള്ള വിനോദ സഞ്ചാരമേഖലയായി കോൾ പ്രദേശത്തെ ഉയർത്തികാട്ടാനാവും. കോൾ മേഖലയിൽ സമ്പന്നമായ ജൈവവൈവിധ്യം ഉണ്ടെന്നുള്ളത് തള്ളികളയാവുന്ന ഒന്നല്ല.

കാർഷിക രംഗത്തെ, രാസവസ്തുക്കളുടെ പ്രയോഗം, അശാസ്ത്രീയമായ മാലിന്യ പരിപാലനം, പരമ്പരാഗത വികസന കാഴ്ചപ്പാടുകൾ എന്നിങ്ങനെ ഒട്ടനവധി ഘടകങ്ങൾ കോൾ പാടങ്ങളുടെ നാശത്തിന് കാരണമാകുന്നുണ്ട്. 1981 മുതൽ 2013 വരെയുള്ള കാലയളവിൽ കോൾ പ്രദേശത്ത് ഭൂവിനിയോഗ രീതികളിലുണ്ടായ മാറ്റം പഠന വിധേയമാക്കേണ്ടതുണ്ട്.

രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ അമിത ഉപയോഗം, കോൾ നിലങ്ങളിലെ പുളിരസം വർധിക്കാനും രാസമൂലകനില അസന്തുലിതാവസ്ഥയിലാകുവാനും കാരണമായിട്ടുണ്ട്.

കോൾ മേഖലയുടെ പ്രാധാന്യം ഉൾകൊണ്ട് പ്രദേശത്തിനായി പദ്ധതികൾ ആവിഷ്കരിക്കണം. കർഷകർ, കർഷകതൊഴിലാളികൾ, പ്രദേശവാസികൾ, നഗരവാസികൾ, കോൾ മേഖലയിൽ വർഷത്തിൽ 3 പ്രാവശ്യം സന്ദർശനം നടത്തി വിവരശേഖരണം നടത്തുന്ന സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജീവനക്കാർ, ജനപ്രതിനിധികൾ, ശാസ്ത്രജ്ഞർ എന്നിവരുടെ കൂട്ടായ്മയിലുള്ള പദ്ധതി രൂപീകരണവും നിർവഹണവും കോൾ മേഖലയുടെ വികസനത്തിന് അടിസ്ഥാന ശിലയാകട്ടെയെന്ന് ആശംസിക്കുന്നു.



# Analysing the Industrial Production (IIP) Trends in Kerala:

## Key insights from the report on Index of Industrial Production 2015-16 to 2022-23

**Nabila M.**
**Statistical Assistant Grade II, IIP**
**DES**

According to the famous Nobel laureate in Econimics Robert Solow (1956), for achieving sustainable economic growth and improving the living standards require industrial growth and it enables economies to benefit from technical breakthroughs and gradually raise productivity. Thus as an emerging country, India also wants to expand their spheres of economic growth by emphasizing on its industrial sector. Industrial sector is always considered as an engine of growth. Kerala is one of the popular destinations in India for industrial activities. It encourages strategic investments through various policy initiatives aimed at fostering economic growth.

Index of Industrial production (IIP) is an important macro economic indicator which is used to measure the growth of industrial sector in the economy. It provides insights on the contributions of industrial sector which includes manufacturing, mining and electricity, to the Gross value added of the state. IIP is a numerical index, which assigns a value of 100 relative to a base year. IIP is calculated and published by Department of Economics and Statistics in Kerala according to the CSO guidelines. For reflecting the changes in economy and industrial patterns, base year for the calculation of IIP has revised from time to time. Currently, 2011-12 is the base year for the calculation IIP.

The report on index of industrial production 2015-16 to 2022-2023 provides key insights into the changes in state's industrial growth rate throughout these years and it unveils the growth patterns, trends, capacity utilization and contributions of industrial sector to the nations growth. This article explores the growth pattern of industrial sector in Kerala amidst the changing economic scenarios which is presented in the report.

### Methodology

This article is based on secondary data sources. It is a review article based on the Report on Index of industrial production 2015-16 to 2022-23. The primary source of data is the report published by the Department of economics and statistics, Kerala. Supplementary data sources include scholarly articles, government reports and other industrial analysis which provide insights into the industrial production trends in Kerala.

### Index of Industrial Production-General Index

Index of industrial production comprised of manufacturing, mining and quarrying, and electricity index with a weightage of 614.34, 138.97 and 246.69 respectively. General index gives insights into the overall growth, trends and pattern of the industrial sector. Table 1 Provides information regarding the year wise changes in the industrial production. Relative growth and contraction with respect to the base year can be seen in the table.

### Table 1: General Index of Industrial Production (2015-16 to 2022-23)

| Year | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|
| Index | 86.05 | 94.8 | 105.68 | 114.63 | 102.45 | 88.21 | 98.7 | 96.93 |
| Growth Rate (%) | - | 10.16 | 11.47 | 8.46 | -10.62 | -13.89 | 11.89 | -1.79 |

*Source : Report on index of industrial production 2015-16 to 2022-23*

IIP index of Kerala shows fluctuations over the years which reflects variations in the industrial output across different sectors and exhibit states industrial dynamics. Starting at 86.05 in 2015-16, the index surged to 94.8 in 2016-17, marking a robust growth rate of 10.16% driven by expanded industrial activities. This growth trend continued in subsequent years till 2018-19, although at a slower pace. However, the index declined sharply in 2019-20, signalling a downturn (-10.62%) influenced by policy shock such as demonetisation and natural factors like Floods. The decline deepened in 2020-21, attributed largely to the COVID-19 pandemic disruptions. A recovery phase commenced in 2021-22 with 11.89% growth as economic activities resumed post-pandemic. By 2022-23, the index slightly decreased to 96.93 (-1.79%), suggesting stabilization or lingering effects from previous disruptions. These trends highlight Kerala's resilience to economic challenges, prompting strategic policies and actions for future industrial growth and stability.

## Index of Industrial Production- Manufacturing sector

Manufacturing sector is one of the major sector in the calculation of IIP with a weightage of 614.34. Table 2 shows manufacturing sector index and the growth rate in the sector with respect to the base year.



### Table 2: manufacturing Index of Industrial Production (2015-16 to 2022-23)

| Year | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|
| Index | 91.8 | 114.58 | 128.95 | 136.43 | 127.78 | 96.27 | 100.88 | 104.98 |
| Growth Rate (%) | - | 24.81 | 12.54 | 5.8 | -6.34 | -24.66 | 4.78 | 4.06 |

*Source : Report on index of industrial production 2015-16 to 2022-23*

The index data spanning from 2015-16 to 2022-23 reveals significant fluctuations, influenced by various factors including natural disasters and global events. Starting at 91.8 in 2015-16, the index experienced robust growth up to 2018-19, reaching 136.43 with positive growth rates. However, the index declined sharply by -6.34% in 2019-20, primarily due to the demonetization, and disruptive impact of the Kerala floods. Floods severely disrupted infrastructure and economic activities, contributing to the sector's downturn. Demonetization was a policy shock on the production sector and it leads to reduction investment and subsequent output reduction. The situation worsened in 2020-21, marked by a negative growth of -24.66%, attributed to broader economic challenges exacerbated by the onset of the COVID-19 pandemic. The pandemic caused widespread disruptions across sectors, affecting production, supply chains, and consumer demand, thereby contributing to the downturn in the index. Despite these challenges, there was a partial recovery in 2021-22 and 2022-23, with positive growth rates indicating resilience and gradual improvement, signaling recovery of the sector. These fluctuations underscore the vulnerability of economic indicators to both natural disasters like the Kerala floods and global crises such as the COVID-19 pandemic, necessitating adaptive strategies and robust recovery measures.

## Index of Industrial Production- Mining and Quarrying sector

Growth trends in the mining and quarrying sector shows significant fluctuations over the years. It is one of the important components of IIP with a weightage of 138.97. Table 3 shows this growth trends and the index of the sector with respect to the base year.

### Table 3: Mining and Quarrying Sector Index of of Industrial Production (2015-16 to 2022-23) -

| Year | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|
| Index | 88.15 | 97.8 | 91.41 | 82.71 | 69.13 | 82.04 | 86.55 | 79.47 |
| Growth Rate (%) | - | 10.94 | -6.53 | -9.51 | -16.41 | 18.67 | 5.49 | -8.18 |

*source : Report on index of industrial production 2015-16 to 2022-23*

Table 3, shows significant variations both upward and downward in the growth trends affected by various external factors such as demonetisation, Kerala floods and other economic shocks. Beginning at 88.15 in 2015-2016, the index peaked at 97.8 in 2016-2017, indicating initial growth. However, challenges emerged in subsequent years, from 2017-18 to 2019-20 with negative growth rate. During this period, factors such as demonetization and the Kerala floods likely played significant roles in disrupting operations, supply chains, and overall economic stability in the mining and quarrying sector. These events contributed to reduced production and output levels. The sector began to recover, with the index rebounding to 82.04 in 2020-2021 as industries adapted to economic recovery efforts post-demonetization and other challenges. By 2022-2023, the index stabilized at 79.47, reflecting ongoing adaptation and resilience amidst continued economic uncertainties. The growth rates mirrored these fluctuations, with significant negative impacts during crisis periods and subsequent recoveries as stability returned, highlighting the sector's sensitivity to external economic shocks and its ability to navigate challenges over the analyzed period.

## Index of Industrial Production- Electricity

Electricity sector is the backbone of industrial sector and enabler of economic growth. It is the cornerstone of economic development, providing essential services, supporting industrial growth, fostering innovation, and contributing to environmental sustainability and social progress. Table 4 shows the fluctuating trends in the electricity sector from 2015-16 to 2022-23.

### Table 4 : Electricity Sector Index of Industrial Production

| Year | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|
| Index | 70.58 | 43.9 | 55.8 | 78.31 | 58.17 | 71.63 | 100.18 | 86.75 |
| Growth Rate (%) | - | -37.8 | 27.1 | 40.34 | -25.71 | 23.13 | 39.85 | -13.40 |

*Source : Report on index of industrial production 2015-16 to 2022-23*

The Electricity Sector Index of Industrial Production from 2015-16 to 2022-23 exhibits significant volatility and trends reflective of various sector-specific influences and importantly these fluctuations are significantly different from those that we observe in the other sectors like manufacturing and mining and quarrying. Starting at 70.58 in 2015-16, the index sharply declined to 43.9 in 2016-17, due to the drought like situations persisted in the state during 2016. A recovery phase followed, with the index increasing to 55.8 in 2017-18 and further to 78.31 in 2018-'19, reflecting improved performance and growth in the electricity sector due to the heavy rainfall state experienced during that time. However; the sector faced another setback in 2019-20, with the index dropping to 58.17, likely impacted by operational challenges. Index reached 100 during 2021-22 due to production at its maximum as the sector expected a heavy rain fall but expectations went wrong, and the index declined in the next year to 86.75, indicating ongoing challenges like drought situations in the state. The growth rates mirror these fluctuations, with notable declines during downturns and recoveries during periods of growth, underscoring the electricity sector's sensitivity to natural factors over the analyzed period.

## Business Cycle Theory

The trends that we observed in the general index, electricity sector, mining and quarrying and manufacturing sector is plotted in the Diagram 1. This diagram aligns with the business cycle theory. The business cycle theory posits that economies go through alternating periods of expansion (growth) and contraction (decline) in economic activity, typically characterized by fluctuations in output, employment, and other economic indicators. This diagram serves as a visual representation of the business cycle theory, illustrating the cyclic nature of economic expansions and contractions across different industrial sectors. It highlights how industrial production indices fluctuate over time in response to economic conditions, policy interventions, and external factors, thereby supporting the theory's premise of recurring economic cycles.




*Source : Report on index of industrial production 2015-16 to 2022-23*

### Conclusion

The analysis of the Index of Industrial Production spanning from 2015-16 to 2022-23 reveals significant fluctuations across the manufacturing, mining and quarrying, and electricity sectors and these fluctuations supports the business cycle theory's framework of alternating periods of expansion and contraction in economic activity, offering insights into sector-specific dynamics and broader economic trends over the analyzed period. It also highlights state's resilience to all the external and policy shocks. The manufacturing sector and, the mining and quarrying sector demonstrated robust growth initially but faced severe downturns, influenced by events such as Demonetisation, Kerala floods and the global COVID-19 pandemic. Meanwhile, the electricity sector, crucial for overall economic stability, showed resilience amidst challenges, experiencing fluctuations reflective of the weather conditions. These trends underscore the significance of agile policy responses that promote sectoral diversification, enhance infrastructure resilience, and foster sustainable development practices. By addressing these implications, Kerala can strengthen its economic foundations, attract investments, and navigate future challenges more effectively while promoting inclusive growth and environmental sustainability.

**References**

01.*Report on Index of Industrial Production (IIP) 2015-16 to 2022-23.* (2024). IIP division, Directorate of Economics and Statistics, Thiruvananthapuram.

02. Ministry of Statistics and Programme Implementation. (n.d.). *Index of Industrial Production (IIP)*. Retrieved July 7, 2024, from https://www.mospi.gov.in/iip

03. Solow, R. M. (1956). A contribution to the theory of economic growth. *The Quarterly Journal of Economics, 70*(1), 65-94. https://doi.org/10.2307/1884513

04. Government of Kerala. (2017). Drought Situation Assessment 2017. Retrieved from https://sdma.kerala.gov.in/wp-content/uploads/2019/08/Drought-Situation-Assessment-2017-April.pdf

05. Hansen, A. H. (1951). *Business cycles and national income.* W. W. Norton & Company.




DIRECTORATE OF ECONOMICS AND STATISTICS DEPARTMENT
Phone : 0471-2305318
Email: ecostatdir@gmail.com
Website: www.ecostat.kerala.gov.in